

1. രൂപ 60 പൈ
16.11.1981

നാന

സിനിമാ വാരിക

കാട്ടുപോത്ത്



സ്മിത
ഫോട്ടോ: കൃഷ്ണൻകുട്ടി

പുസ്തകം 10   ലക്കം 2   1981 നവംബർ 15   വില 1 രൂപ 60 പൈസ


മാനേജിംഗ് എഡിററർ:
ആർ. കൃഷ്ണസ്വാമി
എഡിററർ:
എസ്. രാമകൃഷ്ണൻ
അസിസ്റ്റൻറ് എഡിററർ:
നിർമ്മല

നാന
സിനിമാവാരിക

സിനിമയെക്കുറിച്ചുള്ള ഗ്രന്ഥങ്ങളുണ്ടാകണം

ലോക ചലച്ചിത്ര വേദിയിലെ മഹാരഥന്മാരുടെ ഫിലിം ക്ലാസ്സിക്കുകളെക്കുറിച്ചു പഠിക്കാനും, അറിയുവാനുമുതകുന്ന അസംഖ്യം ഗ്രന്ഥങ്ങൾ ഇംഗ്ലീഷ് ഭാഷയിലുണ്ട്. ആ ഗ്രന്ഥങ്ങളിലൂടെ ഫിലിം വ്യാകരണത്തിന് അവർ നൽകിയിട്ടുള്ള സംഭാവനകളെക്കുറിച്ചും, മാദ്ധ്യമത്തിൽ അവർ സ്വീകരിച്ച വ്യത്യസ്ത ആവിഷ്കാര രീതികളെക്കുറിച്ചും നാമറിയുന്നു. ഐസൻസ്റ്റീൻ, ഗ്രിഫിത്ത്, പുഡോപ്കിൻ തുടങ്ങി ബർഗ്മാനും ഫെല്ലിനിക്കും വരെയുള്ളവരുടെ ചലച്ചിത്ര രചനകളെക്കുറിച്ചു വിശദമായറിയുവാൻ ഇന്നു യാതൊരു പ്രയാസവുമില്ല. അവരുടെ കലയുടെ നാനാ വശങ്ങളെ ഇഴ വിടർത്തി സവിസ്തരം പ്രതിപാദിക്കുന്ന അനവധിയനവധി ഗ്രന്ഥങ്ങൾ തന്നെ രചിക്കപ്പെട്ടിട്ടുണ്ട്. പുതിയ പഠനങ്ങൾ ഉണ്ടായിക്കൊണ്ടുമിരിക്കുന്നു. സിനിമയെന്ന മാദ്ധ്യമത്തെക്കുറിച്ചും കൂടുതലറിയുവാൻ ഈ ഗ്രന്ഥങ്ങൾ നമ്മെ സഹായിക്കുന്നു. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ, ഇൻഡ്യയിലെ ഉന്നതരായ ചലച്ചിത്രകാരന്മാരെക്കുറിച്ചെഴുതപ്പെട്ടിട്ടുള്ള പഠന ഗ്രന്ഥങ്ങൾ, നമ്മുടെ ഭാഷകളിൽ തുലോം വിരളമാണ്. ഒട്ടൊക്കെ ഇല്ലായെന്നു തന്നെ പറയാം. സത്യജിത്ത്റേയുടെ മേന്മ മനസ്സിലാക്കി അദ്ദേഹത്തെക്കുറിച്ചാദ്യമെഴുതാൻ ഒരു മേരീസെററൻ വേണ്ടിവന്നു. എന്നിട്ടും, ലോകം ഉന്നതനായ ആ കലാകാരനെ അംഗീകരിച്ചിട്ടും, ഗാസ്റ്റൺ റോബർഗ്ഗിനെപ്പോലുള്ള വിദേശീയർ അദ്ദേഹത്തിൻെറ സിനിമയെക്കുറിച്ചു ഗഹനമായ ഗവേഷണങ്ങൾ നടത്തി ഒട്ടനവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടും, ചിദാനന്ദദാസ് ഗുപ്ത എഴുതുംവരെ ഒരൊററ ഇൻഡ്യക്കാരനും, സത്യജിത്ത്റേയുടെ കലയെക്കുറിച്ചൊരു പുസ്തകമെഴുതാൻ കഴിഞ്ഞില്ല. യഥാർത്ഥ സിനിമയുടെ വളർച്ചയാഗ്രഹിക്കുന്നവർ ശ്രദ്ധിക്കേണ്ട അതിപ്രധാനമായൊരു കാലമാണിത്. ഇൻഡ്യയിലും സവിശേഷ പഠനമർഹിക്കുന്ന കരുത്തരായ ചലച്ചിത്രകാരന്മാരുണ്ട്, വർത്തമാനകാല ലോക സിനിമയ്ക്കൊപ്പം വളർന്നുകൊണ്ടിരിക്കുന്ന പുത്തൻ കൂററുകാരുമുണ്ട്. ഇവരുടെയൊക്കെ രചനകളെക്കുറിച്ചുള്ള പഠനങ്ങളും വിലയിരുത്തലുകളുമുണ്ടാകുമ്പോഴേ, അവയുടെ മഹത്വത്തെക്കുറിച്ചു കൂടുതലായി നാമറിയൂ; ആസ്വാദനം ഒരു കലയായി വളരൂ. ഇൻഡ്യയിലെ ഉന്നതരായ ചലച്ചിത്രകാരന്മാരെക്കുറിച്ചുള്ള പഠന ഗ്രന്ഥങ്ങൾ നമ്മുടെ പ്രാദേശിക ഭാഷകളിൽ ഉണ്ടാവേണ്ടിയിരിക്കുന്നു. അതോടൊപ്പം ഇംഗ്ലീഷ് ഭാഷയിലെഴുതപ്പെട്ടിട്ടുള്ള മഹത്തായ സിനിമാ ഗ്രന്ഥങ്ങൾ നമ്മുടെ ഭാഷകളിലേയ്ക്കു ഭാഷാന്തരം ചെയ്യുകയും വേണം. എങ്കിൽ മാത്രമേ സാമാന്യ ജനത്തിനെ വിദ്യാഭ്യാസം ചെയ്ത്, യഥാർത്ഥ സിനിമ ആസ്വദിക്കാൻ പ്രാപ്തരാക്കിത്തീർക്കാനൊക്കൂ.

—






മോഹൻലാൽ, റാണിപത്മിനി ചിത്രം: തേനും വയമ്പും

മുഖചിത്രം: ശ്രീദേവി
ഫോട്ടോ: എൻ. പ്രഭാകർ


മാധവി
ഫോട്ടോ: സത്യമൂർത്തി

എങ്ങോ മറഞ്ഞുപോയ നിഷ്കപടമായ പുഞ്ചിരി



ഒരനുസ്മരണം

മജീന്ദ്രനും സുഹൃത്ത് ബാബുവും



മജീന്ദ്രൻ:

ആരെയും ആകർഷിക്കുന്ന ഒരു പ്രകൃതക്കാരനായിരുന്നു മജീന്ദ്രൻ. ഇക്കാരണം കൊണ്ടുതന്നെയാവാം ഒരു വലിയ സുഹൃത് വലയം അദ്ദേഹത്തിനുണ്ടായിരുന്നു. ചലച്ചിത്ര രംഗത്ത് ഒരു നവാഗതനായ നിർമ്മാതാവായിരുന്നിട്ടു പോലും വളരെ പെട്ടെന്നാണ് അദ്ദേഹം പേരും പ്രശസ്തിയും നേടിയത്.

ഒക്ടോബർ പത്താം തീയതിയിലെ ദിനപ്പത്രങ്ങൾ ഒരു ഞെട്ടലുളവാക്കുന്ന വാർത്തയുമായിട്ടാണ് പുറത്തിറങ്ങിയത്.

'സംഭവ'ത്തിന്റെ നിർമ്മാതാക്കളിൽ ഒരാളും, വൻകിട ബിസ്സിനസ്സ്കാരനുമായ കെ. കെ. മജീന്ദ്രനെ അജ്ഞാതനായ ഒരാൾ ഉറക്കത്തിൽ നിന്നു വിളിച്ചുണർത്തി വെടിവച്ചുകൊന്നു എന്നുള്ള വാർത്തയായിരുന്നു അത്.

ഈ അനുസ്മരണക്കുറിപ്പെഴുതുന്നതുവരെ ഘാതകനാരെന്നറിഞ്ഞിട്ടില്ല. മജീന്ദ്രന്റെ പെട്ടെന്നുള്ള വേർപാട് ചലച്ചിത്ര രംഗത്തെയാണ് വല്ലാതെ ഞെട്ടിപ്പിച്ചത്. ഓണക്കാലത്ത് പുറത്തിറങ്ങിയ 'സംഭവം' എന്ന ചിത്രത്തിന്റെ നിർമ്മാതാക്കളിൽ ഒരാളായിരുന്നല്ലോ മജീന്ദ്രൻ. വളരെ കാലമായി ഒരു ചിത്രം നിർമ്മിക്കാൻ മജീന്ദ്രൻ ശ്രമിക്കുകയായിരുന്നു. നേരത്തെ തന്നെ രണ്ടു ശ്രമങ്ങൾ പൂർത്തിയാകാതെ പോയി. ഒടുവിൽ ശോഭയെ നായികയാക്കി ഈ ചിത്രം നിർമ്മിക്കാനുള്ള മജീന്ദ്രന്റെ പ്രാരംഭ നടപടികൾക്കിടയിലാണ് ശോഭ പെട്ടെന്ന് മരണമടഞ്ഞത്.

ഒരിടവേളയ്ക്കു ശേഷം സൂരജ്ബാബുവുമായി ഒത്തുചേർന്ന് മജീന്ദ്രൻ സംഭവം എന്ന ചിത്രത്തിന്റെ നിർമ്മാണമാരംഭിച്ചു. വളരെ ആർഭാടപൂർവ്വമാണ് ഈ ചിത്രത്തിന്റെ ഓരോ ഘട്ടവും മുന്നേറിയത്.

തിരുവനന്തപുരം ഗീത് ഹോട്ടലിൽ വച്ചാണ് സംഭവത്തിനു തുടക്കം കുറിച്ചത്. കുമാരകോവിലിലെ പ്രസിദ്ധനായ തന്ത്രിയാണ് ഇതിന്റെ പൂജാകർമ്മങ്ങൾ നിർവ്വഹിച്ചത്. ദക്ഷിണാമൂർത്തിയുടെ സംഗീത സംവിധാനത്തിൽ മദ്രാസ് അരുണാചലം സ്റ്റുഡിയോയിൽ നിലകൊള്ളുന്ന തരംഗിണിയിൽ വച്ച് നടന്ന റിക്കാർഡിംഗിൽ മദ്രാസ്സ് ചലച്ചിത്ര രംഗത്തെ ഒട്ടുമിക്കാലും വ്യക്തികളും പങ്കെടുത്തിരുന്നു.

സംഭവത്തെ ഒരു മികച്ച ചിത്രമാക്കിത്തീർക്കാൻ എന്തൊക്കെ ചെയ്യണമോ അതൊക്കെ മജീന്ദ്രൻ ബാബുവിനോടൊപ്പം നിന്നു ചെയ്തു. സിനിമാരംഗവുമായി ആദ്യമായി പരിചയപ്പെടുന്ന വ്യക്തി എന്ന നിലയിൽ മജീന്ദ്രന് ചില കയ്പേറിയ അനുഭവങ്ങൾ ഉണ്ടായി എന്നതു സത്യം തന്നെ.

തിരുവോണത്തിനു വെറും രണ്ടാഴ്ചകൾ മാത്രമുള്ളപ്പോഴാണ് സംഭവത്തിന്റെ അവസാന ഷെഡ്യൂൾ ചിത്രീകരണം പൂർത്തിയാകുന്നത്. ചിത്രവുമായി ബന്ധപ്പെട്ട പലരും സംശയിച്ചു, സംഭവം തിരുവോണത്തിന് തിയേറ്ററിൽ എത്തുമോ എന്ന്. —മജീന്ദ്രൻ തന്റെ പരിശ്രമങ്ങൾ കൊണ്ട് അതു സാധിച്ചെടുത്തു.

ഈ ചിത്രം പുറത്തിറങ്ങുംമുമ്പ് തന്നെ ശില്പി ഫിലിംസിന്റെ ബാനറിൽ മറ്റൊരു ചിത്രം നിർമ്മിക്കുവാനും മജീന്ദ്രൻ പരിപാടിയിട്ടിരുന്നു. അതിന്റെ ആദ്യ ഷെഡ്യൂൾ കഴിഞ്ഞിരിക്കുന്ന അവസരത്തിലാണ് മജീന്ദ്രന് ജീവിതത്തോട് യാത്ര പറയേണ്ടി വന്നത്. 'ചമയം' എന്ന പേരിൽ സത്യൻ അന്തിക്കാട് സംവിധാനം ചെയ്യുന്ന ചിത്രമാണത്.

പെരുമ്പടവം ശ്രീധരന്റെ അഷ്ടപദിയും, വൈക്കം ചന്ദ്രശേഖരൻ നായരുടെ 'നീലക്കടലും' സിനിമാസ്കോപ്പ് ചിത്രങ്ങളായി നിർമ്മിക്കുവാൻ മജീന്ദ്രൻ തീരുമാനിച്ചിരുന്നതാണ്.

'ആദ്യ ചിത്രം എനിക്ക് കുറെ അനുഭവങ്ങൾ സംഭാവന ചെയ്തു. ഞാനതു മറക്കില്ല. എന്റെ അടുത്ത ചിത്രം മികച്ച ഒന്നായിരിക്കും' മജീന്ദ്രൻ ഒരിക്കൽ പറഞ്ഞ വാക്കുകളാണിവ. ഒരു നിർമ്മാതാവാവെന്ന നിലയിൽ. അദ്ദേഹത്തിന്റെ എല്ലാ ആശകളും, സ്വപ്നങ്ങളും ഒക്ടോബർ ഒമ്പതാം തീയതി രാവിലെ ഏഴ് പതിനഞ്ചിന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ വച്ച് അവസാനിച്ചു.

ആരെയും ആകർഷിക്കുന്ന ഒരു പ്രകൃതക്കാരനായിരുന്നു മജീന്ദ്രൻ. ഇക്കാരണം കൊണ്ടുതന്നെയാവാം ഒരു വലിയ സുഹൃദ് വലയം അദ്ദേഹത്തിനുണ്ടായിരുന്നു. ചലച്ചിത്രരംഗത്ത് ഒരു നവാഗതനായ നിർമ്മാതാവായിരുന്നിട്ടു പോലും വളരെ പെട്ടെന്നാണ് അദ്ദേഹം പേരും പ്രശസ്തിയും നേടിയത്.

തന്റെ ചിത്രങ്ങളിലെ ഗാനങ്ങൾ ഏറ്റവും മെച്ചപ്പെട്ടവയായിരിക്കണമെന്ന നിർബ്ബന്ധം മജീന്ദ്രനുണ്ടായിരുന്നു. അദ്ദേഹം തന്നെ ഒരു പാട്ടുകാരനായിരുന്നല്ലോ.

റിക്കാർഡിംഗിനു മുമ്പ് ദക്ഷിണാമൂർത്തിയുടെ അരികിൽ മജീന്ദ്രൻ പാടി കേൾപ്പിച്ച ഗാനങ്ങൾ കേട്ട അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്ക് അതൊരു പുതിയ അനുഭൂതിയായിരുന്നു.

'സിന്ദൂര തിലകമണിഞ്ഞുവാനം
സൗവർണ്ണ പട്ടുവിരിച്ചു സാഗരം....

എന്ന ഈ ഗാനം യേശുദാസ് പാടി റെക്കാർഡു ചെയ്യപ്പെട്ടതാണ്. നിർഭാഗ്യമെന്നു പറയട്ടെ അതു ചിത്രത്തിലുണ്ടായിരുന്നില്ല.

ജീവിതത്തിന്റെ അടിത്തട്ടിൽ നിന്നും ഉയർന്നുവന്ന ഒരാൾ, തന്റെ അനുഭവങ്ങൾകൊണ്ട് ചലച്ചിത്രരംഗത്തെ സമ്പന്നമാക്കാൻ കാലം അയാളെ അനുവദിച്ചില്ല. മജീന്ദ്രൻ നമ്മിലുണർത്തുന്ന ചിന്തയാണത്.

മജീന്ദ്രന്റെ സഹോദരീ സഹോദരന്മാർക്ക് ഒരു കൂടപ്പിറപ്പിനേയും, നല്ല വഴികാട്ടിയേയും നഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ എണ്ണമറ്റ സുഹൃത്തുക്കൾക്ക് ഒരു നല്ല കൂട്ടുകാരനേയും.

—എസ്സാർ



'സംഭവ'ത്തിന്റെ റിക്കാർഡിംഗ് വേളയിൽ ദക്ഷിണാമൂർത്തി, സത്യൻ അന്തിക്കാട് ഇവരോടൊപ്പം മജീന്ദ്രൻ


ന്യൂസ് റീൽ



നസീർ, ഉണ്ണിമേരി ചിത്രം: നാഗമഠത്തു് തമ്പുരാട്ടി




ഞാൻ നിന്നെ മറക്കില്ല–റീന, രാജ്കുമാർ




നസീർ, സുമലത ചിത്രം: കടത്ത്



ശ്രീകുമാർ, സ്വപ്ന ചിത്രം: സ്വർണ്ണപ്പക്ഷികൾ




ശങ്കർ, പൂർണ്ണിമാ ജയറാം ചിത്രം: ഊതിക്കാച്ചിയ പൊന്ന്




രാഗിണി, രാജ്കമാർ ചിത്രം: സംസ്കാരം





ശ്രീത്യാഗരാജ കെ. ആർ വിജയ, സോമയാജലു



രവിമേനോൻ, സീമ ചിത്രം: ആരതി

മൂന്നാംപിറ

മൂന്നാം പിറ അഥവാ ചന്ദ്രക്കല കാണുവാൻ സുന്ദരമാണ്, പക്ഷേ ക്ഷണികമാണ്. അത്തരം ഒരു അസാധാരണ പ്രേമകഥയുടെ ചുരുൾ നിവരുന്നു. 'മൂന്നാംപിറ' യിലൂടെ സംവിധായകനായ ബാലുമഹേന്ദ്രയും കമലഹാസനും, ശ്രീദേവിയും പ്രധാന വേഷങ്ങൾ അഭിനയിക്കുന്ന ഈ ചിത്രത്തിലെ സംഗീതം ഇളയരാജായും ഗാനങ്ങൾ കണ്ണദാസനും, ഗംഗൈ അമരനും ആണ്. സത്യജോതി ഫിലിംസിനുവേണ്ടി ത്യാഗരാജൻ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ വിതരണാവകാശം ജൂബിലി പിച്ചേഴ്സാണ് നിർവ്വഹിക്കുന്നത്. മൈസൂറിലും ഊട്ടിയിലുമായി ചിത്രീകരണം ധൃതഗതിയിൽ നടന്നുവരുന്നു.

ഗാനം


ശ്രീകുമാരൻതമ്പി രചനയും സംവിധാനവും നിർവ്വഹിക്കുന്ന 'ഗാനം എന്ന ചിത്രത്തിലെ രംഗങ്ങൾ തിരുവില്വാമല ക്ഷേത്രത്തിൽ വച്ച് രാമചന്ദ്രമേനോൻ ഫിലിമിലേയ്ക്ക് പകർത്തി. അടൂർഭാസി, വാസൻ, ലക്ഷ്മി, നെടുമുടി വേണു, കൈലാസ്നാഥ്, ഭാഗ്യലക്ഷ്മി തുടങ്ങിയവരും ഈ രംഗത്തിൽ പ്രത്യക്ഷപ്പെട്ടു. ശ്രീകുമാരൻ തമ്പിയുടെ ഈ പുതിയ ചിത്രം ഗായകരുടേയും പക്കവാദ്യക്കാരുടേയും സ്വകാര്യജീവിതത്തിന്റെ ബഹിർസ്ഫുരണമാണ് കാഴ്ചവയ്ക്കുന്നത്. അംബരീഷ്, ബാബു നമ്പൂതിരി, പൂർണ്ണിമജയറാം, കല, ജഗ



കമൽ, ശ്രീദേവി ചിത്രം: മൂന്നാംപിറ



നസീർ, ശ്രീവിദ്യ ചിത്രം: ഇതാ ഒരു ധിക്കാരി



നസീർ, ജയഭാരതി—നാഗമഠത്തു തമ്പുരാട്ടി

തിശ്രീകുമാർ, ഷാനവാസ്, വൈക്കം മണി, ഹരി, വേണുക്കുട്ടൻനായർ, രാജകുമാരൻതമ്പി, പൊന്നമ്പിളി തുടങ്ങിയവരും 'ഗാന'ത്തിൽ അണി നിരക്കുന്നുണ്ട്.

അങ്കച്ചമയം

ബാബുജോസ് കഥയെഴുതി നിർമ്മിക്കുന്ന ജോസ് ഇൻറർനാഷണലിൻെറ സിനിമാസ്കോപ്പ് വർണ്ണചിത്രമായ 'അങ്കച്ചമയ'ത്തിൻെറ ഷൂട്ടിംഗ് ആരംഭിച്ചു. കഥ നവാഗതനായ രാജാജി ബാബുവിൻെറ സംവിധാനത്തിൽ സെക്സ്, സ്റ്റണ്ട്, സസ്പെൻസ് എന്നിവയിലൂടെ വികാരോജ്ജ്വലമായി ആവിഷ്കരിക്കുന്നു. പ്രേംനസീർ, നെടുമുടി വേണു, സത്താർ, ജാഫർഖാൻ, ജഗതി ജോസ്പ്രകാശ്, പ്രതാപൻ, ജോസ്, മണവാളൻ, രാഘവൻ, ജോണി, ഷീല, സ്വപ്ന, ടി. ആർ. ഓമന, ജമീല, ബേബി ശാരിക തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന 'അങ്കച്ചമയ'ത്തിൻെറ അണിയറ ശില്പികൾ മങ്കൊമ്പ്, ദേവരാജൻ, ലക്ഷ്മൺഘോറെ, ശങ്കുണ്ണി, വി. ജി. എസ്. ദേവ്, രാധാകൃഷ്ണൻ വലപ്പാട് എന്നിവരാണ്.

ആലം

ആനന്ദ് മൂവി മെയ്ക്കേഴ്സിൻെറ ബാനറിൽ കുവൈററിലുള്ള ആനന്ദ് കുമാർ ആൻറ് ബ്രദേഴ്സ് നിർമ്മിക്കുന്ന പ്രഥമ ചിത്രമാണ് 'ആലം' കഴിഞ്ഞൊരു കാലഘട്ടത്തിൽ മലയാള നാടക രംഗത്ത് കോളിളക്കം സൃഷ്ടിച്ചുകൊണ്ട് ജനശ്രദ്ധ പിടിച്ചെടുത്ത് വിപ്ലവകരമായ വമ്പിച്ച വിജയം വരിച്ച മാനി മുഹമ്മദിൻെറ പ്രശസ്ത നാടകമായ 'കാട്ടതീ'യുടെ ചലച്ചിത്രാവിഷ്കരണമായ 'ആല എന്ന വർണ്ണ ചിത്രത്തെ, മലയാള ചലച്ചിത്ര സംവിധായകരുടെ ഇടയിൽ പ്രസിദ്ധനായിതീർന്നിരിക്കുന്ന ഭരതൻ സംവിധാനം ചെയ്യുന്നു. മലയാള സിനിമാ രംഗത്തെ പ്രസിദ്ധ അഭിനേതാക്കളായ ബാലൻ കെ. നായർ, നെടുമുടി വേണു എന്നിവരോടൊപ്പം, ടി. ജി. രവി, ജോസ്, ബഹദൂർ, ബീന, കെ. പി. എ. സി ലളിത തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന 'ആല'യുടെ കഥ, സംഭാഷണം മാനി മുഹമ്മതും, ഛായാഗ്രഹണം പ്രഗത്ഭനായ രാമചന്ദ്രബാബുവും കൈകാര്യം ചെയ്യുന്നു.

സംഘട്ടനം


എസ്. വി. എസ് ഫിലിംസ് നിർമ്മിക്കുന്ന പുതിയ മലയാള വർണ്ണ ചിത്രമാണ് 'സംഘട്ടനം' ഈ ചിത്രത്തിൽ സുകുമാരൻ ഡബിൾ റോളിൽ അഭിനയിക്കുന്നു. കൂടാതെ ബാലൻ കെ. നായർ, ജഗതിശ്രീകുമാർ, സി. ഐ. പോൾ, കൊട്ടാരക്കരബോബി, സുമലത, സുകുമാരി, വഞ്ചിയൂർ രാധ, ഉമ തുടങ്ങിയ താരങ്ങളും ഈ ചിത്രത്തിലെ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. പ്രശസ്ത സംവിധായകൻ എ. ബി. രാജ, സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിലെ മററ് അണിയറ ശില്പികൾ ഗാന്ധിക്കുട്ടൻ, ശങ്കർ– ഗണേഷ്, ബിച്ചു തിരുമല, കെ. എസ്. മാധവൻ, രവി, കൃഷ്ണകുമാർ, ശ്യാമപ്രസാദ്, പി. ടി. ജയരാജൻ, മൂർത്തി തുടങ്ങിയവരാണ്. ചന്ദ്രകുമാറാണ് ഈ ചിത്രത്തിൻെറ നിർമ്മാതാവ്.

സ്വപ്നരാഗം

സൂപ്പർ സിനിഫോക്സിൻെറ ബാനറിൽ ജോതിപോൾസൺ അവതരിപ്പിക്കുന്ന വർണ്ണ ചിത്രമാണ് 'സ്വപ്നരാഗം' യതീന്ദ്രദാസ് തിരക്കഥ രചിച്ച് സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽ– ബാലൻ കെ. നായർ, അടൂർ ഭാസി. പപ്പു, നെല്ലിക്കോട്, ആലുമ്മൂടൻ, കുഞ്ചൻ, പൂജപ്പുര, കവിയൂർ പൊന്നമ്മ, ഇന്ദ്രവാണി, പുതുമുഖം സ്വപ്ന, സൗമ്യ (പുതുമുഖം) എന്നിവരഭിനയിക്കുന്നു. ഛായാഗ്രഹണം രമാമണിയും ഡബ്ലിയുദയാലും ചേർന്നു നിർവ്വഹിക്കുന്നു. പൂവച്ചൽ ഖാദറും സുകുമാരൻ രാപ്പാളും ചേർന്നെഴുതിയ ഗാനങ്ങൾക്ക് രവീന്ദ്രൻ സ്വരം നൽകിയിരിക്കുന്നു.

വിഷം

പി. ററി. രാജൻ സംവിധാനം ചെയ്യുന്ന ചിത്രമാണല്ലോ 'വിഷം' ക്രൂപാ സിനി പ്രൊഡക്ഷൻസിൻെറ ബാനറിൽ ജി. എച്ച്. ഷായും ജോർജ്ജ്മാത്യുവും ചേർന്ന് നിർമ്മിക്കുന്ന ഈസ്റ്റ്മാൻ വർണ്ണചിത്രം സിനിമാസ്കോപ്പ് ടെക്നോവിഷനിലാണ് രൂപപ്പെടുത്തുക.



മധു, ലക്ഷ്മി ചിത്രം: പടയോട്ടം



'അഹിംസ'യിൽ അച്ചൻകുഞ്ഞ്, സുകുമാരി





കാമ്പസിനുള്ളിലെ സിനിമ

അടിമച്ചങ്ങല

ഏ. ബി. രാജ് സംവിധാനം ചെയ്യുന്ന അടിമച്ചങ്ങല എന്ന സിനിമാസ്കോപ്പ് ചിത്രം മലയാള മണ്ണിന്റെ മോചനത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച വീരദേശാഭിമാനി ആയി മുസ്ലിയാരെ അനശ്വരനാക്കുന്നു. ഹെലിൻ എന്ന വിപ്ലവകാരിയെ പ്രഗത്ഭനായ പ്രേംനസീർ അവതരിപ്പിക്കുന്ന ഈ ചിത്രം നാം ഓരോരുത്തരും കാണേണ്ടതുതന്നെ.

കെ. ഏ. അബ്ബാസ്,
പൊൻകുന്നം.

അടിമച്ചങ്ങല

ആദിയോടന്തം മുഷിപ്പില്ലാതെ കണ്ടിരിക്കാൻ കൊള്ളാവുന്ന ഒരു കുടുംബ ചിത്രമാണിത്. ഈ ചിത്രത്തിൽ വില്ലൻ റോൾ അഭിനയിക്കുന്ന 'ജോസ്പ്രകാശി'നെയാണ് ജനങ്ങൾ ആകർഷിക്കുന്നത്; നല്ല മൂന്നു പാട്ട് ഉണ്ട് എന്നത് മറ്റൊരു മേന്മയാണ്. ബാലൻ കെ. നായർക്ക് പെറിയ റോൾ മാത്രമേ ലഭിച്ചുള്ളു എങ്കിലും ആ റോൾ ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നു. എ. ബി. രാജ് തന്റെ കഴിവിന്റെ പരമാവധി ശ്രമിച്ച് ഈ ചിത്രം സംവിധാനം ചെയ്തിരിക്കുന്നു.

സജി എം, എസ്. എ. കോളേജ്,
എടത്വാ.

മനസ്സിന്റെ തീർത്ഥയാത്ര

'ഫോർമുല'കളുടെ ഇടയിൽ സാമാന്യം ഭേദപ്പെട്ട ഒരു കുടുംബചിത്രമാണ് മനസ്സിന്റെ തീർത്ഥയാത്ര. വിത്തുകളും, ഉൾക്കടലും, വേനലും കഥാകൃത്തിനെ സ്വാധീനിച്ചിട്ടുണ്ടെന്നു പ്രത്യക്ഷത്തിൽ തന്നെ വ്യക്തമാണ്. ജഗതി ശ്രീകുമാറിന്റെ അജ്ഞനെ നിയന്ത്രിക്കുകയും, സോമന്റെ അരവിന്ദിന് അർഹമായ അംഗീകാരം അനുവദിച്ചുകൊടുക്കുകയും ചെയ്തിരുന്നെങ്കിൽ വളരെ നല്ല ചിത്രമായി ഇതിനെ ഉയർത്താമായിരുന്നു. ഏതാണ്ട് ചില ഭാവനകളെല്ലാമുള്ള സംവിധായകനാണ് താനെന്ന് തമ്പാൻ കന്നിച്ചിത്രത്തിലൂടെ തെളിയിക്കുന്നു. ബന്ധനം ഏതോ ഒരു സ്വപ്നം തുടങ്ങിയ ചിത്രങ്ങളിലെ കഥാപാത്രങ്ങളെ അനശ്വരമാക്കിയ സുകുമാരൻ, ഈയിടെയായി തരം താണിരിക്കുന്നെന്ന് ഈ ചിത്രം വീണ്ടും തെളിയിക്കുന്നു. അരവിന്ദനെ അവതരിപ്പിച്ച സോമനും ക്യാമറ കൊണ്ട് കവിത രചിച്ച വിപിൻദാസിനും, ഓ. എൻ. വി— എം. ബി. ശ്രീനിവാസൻ ജാനകി–യേശുദാസ് ടീമിനും അഭിനന്ദനങ്ങൾ.

ശ്യാം മനോഹർ ആർ,
II പി. ഡി. സി,
ശ്രീകേരളവർമ്മ കോളേജ്,
തൃശ്ശൂർ.

സപ്തപദി

ശങ്കരാഭരണം ടീം അവതരിപ്പിക്കുന്ന രണ്ടാമത്തെ ചിത്രമായ സപ്തപദി കണ്ടു! നല്ലൊരു പ്രേമകഥ നൃത്തത്തിനും ഗാനത്തിനും പ്രാധാന്യം നല്കിക്കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. പ്രത്യേകിച്ചും ഗാനങ്ങളും നൃത്തവും ഇഷ്ടപ്പെടുന്ന പ്രേക്ഷകരെ ഈ ചിത്രം നിരാശരാക്കുകയില്ല.

കെ. പ്രതീപ്,
എം. ബി. ടി. കോളേജ്,
തലശ്ശേരി.

അന്നും ഇന്നും — മാധവി







മുൻ തലമുറയിൽ, ഉർവ്വശി ശാരദ ഒഴികെ മറ്റെല്ലാ നടികളോടൊപ്പവും കമലഹാസൻ നായകനായി അഭിനയിച്ചിട്ടുണ്ട്. ഷീല, ശ്രീവിദ്യ, ലക്ഷ്മി, ജയഭാരതി, ഉഷാകുമാരി, റാണിചന്ദ്ര, ജയചിത്ര സുജാത എന്നിവരാണ് കൂട്ടത്തിൽ പ്രമുഖർ.

മലയാളത്തിൽ കമലഹാസന്റെ ആദ്യ നായിക റീതാബാദുരിയാണ്. കന്യകുമാരി എന്ന ചിത്രത്തിൽ പിന്നീട് വിപ്ലവിജയത്തിൽ ഷീലയോടൊപ്പമഭിനയിച്ചു. രാസലീലയിൽ ജയസുധയായിരുന്നു കമലിന്റെ നായിക.



• കമലിനോടൊപ്പം ഏറ്റവും കൂടുതൽ ചിത്രങ്ങളിലഭിനയിച്ചതും ശ്രീദേവി തന്നെ അവർ അഭിനയിച്ച എല്ലാ ചിത്രങ്ങളും വമ്പൻ വിജയങ്ങളായിരുന്നു. എന്നാൽ കന്നി ചിത്രമായ കുറ്റവും ശിക്ഷയും പറയത്തക്ക സാമ്പത്തിക വിജയം നേടിയില്ല.

തമിഴിൽ കമലഹാസൻ ആദ്യം നായകനായിട്ടഭിനയിക്കുന്ന ചിത്രം പ്രൊഫസർ എ. എസ്. പ്രകാശം സംവിധാനം ചെയ്ത പട്ടാംപൂച്ചിയാണ്. ഇതിലെ നായിക ജയചിത്രയായിരുന്നു.

തമിഴ് പ്രേക്ഷകർ ഏറ്റവുമധികം ഇഷ്ടപ്പെട്ടിരുന്ന ജോഡി കമലഹാസൻ ശ്രീദേവി ടീമായിരുന്നു. കമലിനോടൊപ്പം ശ്രീദേവി അഭിനയിച്ചു കാണാനാണ് ആരാധകർ ആഗ്രഹിച്ചതു്. അവരുടെ ചിത്രങ്ങൾ പ്രേക്ഷകർ സ്വാത്മനാ സ്വീകരിക്കുകയും ചെയ്തു.

ഭാരതിരാജ സംവിധാനം ചെയ്ത പതിനാറു വയതിനിലെയാണ് ഈ ജോഡികളുടെ ആദ്യവിജയം കുറിച്ചത്. അതിനു ശേഷം പുറത്തിറങ്ങിയ ചുവപ്പുറോജാക്കൾ തായില്ലാമൽ നാനില്ലൈ കല്യാണരാമൻ, വരുമയിൻ നിറം ശിവപ്പ്, മീണ്ടും കോകില തുടങ്ങിയ ഒട്ടുമുക്കാൽ ചിത്രങ്ങളും വൻവിജയങ്ങളായി,


ശ്രീദേവി കഴിഞ്ഞാൽ പിന്നെ കമലഹാസനോടൊപ്പം ഏററവും കൂടുതൽ ചിത്രങ്ങളിലഭിനയിച്ചിട്ടുള്ളത് ശ്രീപ്രിയയാണ്. അവൾ ഒരു തുടർകഥ, ഇളമൈ ഊഞ്ചലാടുകിറതു്, അവൾ അപ്പടിത്താൻ, സാവാൽ. രാമലക്ഷ്മണൻ

കമലഹാസന്റെ നായികമാർ



മറോചരിത്രയിലാണ് കമലും, മാധവിയും ആദ്യമായി അഭിനയിക്കുന്നത്. അതിൽ മാധവി നായിക അല്ലാതിരുന്നിട്ടുപോലും ആ നടി കമലിനെ കൂടുതൽ ആകർഷിച്ചു എന്നുവേണം കരുതാൻ.

ആയിടയ്ക്ക് കമൽ സ്വന്തമായി ഒരു ചിത്രം നിർമ്മിക്കാൻ തീരുമാനിച്ചു. കമലിന്റെ സ്വന്തം ചിത്രത്തിൽ തീർച്ചയായും നായിക ശ്രീദേവിയായിരിക്കുമെന്നായിരുന്നു എല്ലാവരുടേയും കണക്കുകൂട്ടൽ. എന്നാൽ അതിനെയെല്ലാം തകിടം മറിച്ചുകൊണ്ട് കമലഹാസൻ മാധവിയെ 'രാജപാർവൈ' എന്ന ആ ചിത്രത്തിലെ നായികയാക്കി. ഇത് പ്രേക്ഷകരുടെ ഇടയിലെന്നപോലെ ചലച്ചിത്ര വൃത്തങ്ങളിലും സംസാരവിഷയമായി.


സൂരിസിനിക്രിയേഷൻസ്
കളർ
നിർമ്മാണം
സൂരി നാഗർകോവിൽ
സംവിധാനം
പി. ചന്ദ്രകുമാർ
ധന്നി റിലീസ്

തുടങ്ങിയവ കൂട്ടത്തിൽ പെടുന്നു.

ആദ്യ കാലത്തു് കമലഹാസനോടൊപ്പം കൂടുതൽ ചിത്രങ്ങളിൽ അഭിനയിച്ചിരുന്നതു് ജയചിത്രയും, ജയസുധയുമായിരുന്നു. നീ എന്റെ ലഹരി എന്ന മലയാള ചിത്രത്തിലും കമലിനോടൊപ്പമഭിനയിച്ചതു് ജയച്ചിത്രയായിരുന്നല്ലോ.

സുജാതയോടൊപ്പം ആറു ചിത്രങ്ങളിൽ ഈ നടൻ വേഷമിട്ടു. ഇദയമലർ, ലളിത, ഒരു ഊതാപ്പൂകൺ ശിമിട്ടുകിറതു്, ഉയർന്തവർകൾ, അവർകൾ കടൽ മീൻകൾ എന്നീ ചിത്രങ്ങളായിരുന്നു അവ. ഇതിൽ അവസാനത്തേതു് ഒരു പരാജയമായി.

കമലഹാസൻ ശ്രീദേവി ടീമിന്റെ തമിഴ് ചിത്രങ്ങൾ വിജയം കൊയ്തു കൊണ്ടിരുന്ന കാലയളവിലാണു് കെ. ബാലചന്ദറിന്റെ സംവിധാനത്തിൽ 'മറോചരിത്ര' എന്ന തെലുങ്കു ചിത്രം പുറത്തുവരുന്നതു്. ഇതിലെ നായകൻ കമലഹാസനായിരുന്നു. നായിക സരിതയും. ഒരു ചെറിയ വേഷത്തിൽ മാധവി എന്ന നടിയും 'മറോ ചരിത്ര' യിൽ പ്രത്യക്ഷപ്പെട്ടു. ഇതേ ചിത്രം ഹിന്ദിയിൽ 'ഏക് ദൂജേ കേലിയേ' എന്ന പേരിൽ നിർമ്മിച്ചപ്പോഴും നായിക മാറിയെങ്കിലും മാധവി അതേ വേഷത്തിൽ അഭിനയിക്കുകയുണ്ടായി.

മറോ ചരിത്രയിലാണു് കമലും, മാധവിയും ആദ്യമായി അഭിനയിക്കുന്നതു്. അതിൽ മാധവി നായിക അല്ലാതിരുന്നിട്ടുപോലും ആ നടി കമലിനെ കൂടുതൽ ആകർഷിച്ചു എന്നു വേണം കരുതാൻ.

ആയിടയ്ക്കു് കമൽ സ്വന്തമായി ഒരു ചിത്രം നിർമ്മിക്കാൻ തീരുമാനിച്ചു. കമലിന്റെ സ്വന്തം ചിത്രത്തിൽ തീർച്ചയായും നായിക ശ്രീദേവിയായിരിക്കുമെന്നായിരുന്നു എല്ലാവരുടേയും കണക്കുകൂട്ടൽ. എന്നാൽ അതിനെയെല്ലാം തകിടം മറിച്ചുകൊണ്ടു് കമലഹാസൻ മാധവിയെ രാജപാർവ്വൈ' എന്ന ആ ചിത്രത്തിലെ നായികയാക്കി. ഇതു് പ്രേക്ഷകരുടെ ഇടയിലെന്ന പോലെ ചലച്ചിത്ര വൃത്തങ്ങളിലും സംസാര വിഷയമായി.

രാജപാർവ്വൈ ഒരു നല്ല ചിത്രമായിരുന്നുവെങ്കിലും സാമ്പത്തികമായി അതു് കമലഹാസനെ കടാക്ഷിച്ചില്ല.

ഇപ്പോൾ രാജപാർവ്വൈ ഹിന്ദിയിൽ കമലഹാസൻ തന്നെ നിർമ്മിക്കുമെന്നറിയുന്നു കെ. ബാലചന്ദറാണു് സംവിധായകൻ. ഹിന്ദി ചിത്രത്തിലും ഇപ്പോഴത്തെ നിലവച്ചു നോക്കിയാൽ നായിക മാധവിയായിരിക്കാനാണു് സാദ്ധ്യത.

കമലഹാസൻ മാധവി ടീം അഭിനയിച്ചു പൂർത്തിയായ ഒരു ചിത്രമാണു് ഭാരതിരാജ സംവിധാനം ചെയ്ത ടിക് ടിക് ടിക്. കമലഹാസൻ ഇപ്പോൾ പല നിർമ്മാതാക്കളോടും മാധവിയെ ശുപാർശ ചെയ്യുന്നുണ്ടെന്നാണു് കേൾക്കുന്നതു്.

മാധവിയുമായുള്ള കൂട്ടുകെട്ടു് സാമ്പത്തിക നേട്ടങ്ങൾക്കു് സഹായകമല്ലായെന്നു് തെളിഞ്ഞിട്ടുകൂടി ആ നടി കമലിന്റെ ഒരു ദൗർബ്ബല്യമായി മാറിയതിന്റെ കാരണമെന്തെന്നു് ഇനിയും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. എന്തായാലും ഇപ്പോൾ കമലഹാസന്റെ ഇഷ്ട നായികയെന്ന പദവി മാധവിക്കവകാശപ്പെട്ടതു തന്നെ.

ഇപ്പോൾ ബാലുമഹേന്ദ്ര സംവിധാനം ചെയ്യുന്ന മൂന്നാം പിറ എന്ന ചിത്രത്തിൽ മാത്രമാണു് കമലഹാസനോടൊപ്പം ശ്രീദേവി അഭിനയിക്കുന്നതു്. മൂന്നാം പിറ ശോഭയുടെ ജീവചരിത്രത്തെ ബന്ധപ്പെട്ടതിയുള്ള ചിത്രമാണെന്നറിയുന്നു.

രജനീകാന്തിനോടൊപ്പം ശ്രീദേവി മൂന്നു ചിത്രങ്ങളിൽ അഭിനയിച്ചു വരുന്നു. കമൽ—ശ്രീദേവി ടീമിന്റെ ഏറ്റവും ഒടുവിൽ പുറത്തിറങ്ങിയ 'വരുമയിൻ നിറം ശിവപ്പ്' ഒരു വിജയമായിരുന്നിട്ടു പോലും അവർക്കു് പിന്നീടധികം ചിത്രങ്ങളില്ല. ഇതിനു കാരണം കമലഹാസൻ തന്നെയാണെന്നാണു് കേൾക്കുന്നതു്. കമൽ തന്റെ പുതിയ ചിത്രങ്ങളിലെല്ലാംതന്നെ മാധവിയെ ശുപാർശ ചെയ്യുന്നുവത്രെ.

മൂൻറുമുടിച്ചു് എന്ന ചിത്രത്തിന്റെ സെററിൽ വച്ചാണു് കമലഹാസനും ശ്രീദേവിയും ആദ്യമായി കണ്ടുമുട്ടുന്നതു്. ബാലചന്ദ്രൻ സംവിധാനം ചെയ്ത ആ ചിത്രത്തിന്റെ ഷൂട്ടിംഗ് മൈസൂറിൽവെച്ചായിരുന്നു. രണ്ടുപേരോടും ഒരു ലൗ സീനിലഭിനയിക്കാനാണു് ആദ്യം ബാലചന്ദർ നിർദ്ദേശിച്ചതു് രജനീകാന്തും ഈ ചിത്രത്തിലുണ്ടായിരുന്നു. മൂൻറുമുടിച്ചു് മൂന്നു പേർക്കും ഒരു ലിഫ്റ്റായി മാറി.

കമലഹാസനെപ്പററി ശ്രീദേവി ഇങ്ങിനെ പറയുന്നു.

'വളരെ കഴിവുള്ള ഒരു നടനാണദ്ദേഹം. ഒരു സാധാരണ രംഗം പോലും തന്റെ അപൂർവ്വ സിദ്ധിവിശേഷം കൊണ്ടു് ആ നടൻ അസാധാരണമാക്കി മാററും. തന്നോടൊപ്പം അഭിനയിക്കുന്നവരും നല്ല പ്രകടനം കാഴ്ചവയ്ക്കണമെന്നു് അദ്ദേഹത്തിനു നിർബ്ബന്ധമുണ്ടു്. വ്യത്യസ്തമായ കഥാപാത്രങ്ങളെ അവതരിപ്പിക്കാനുള്ള അഭിലാഷവും കമലിനെപ്പോലെ മററു നടന്മാർക്കുണ്ടാകുമോ എന്നു സംശയമാണു്. കല്യാണരാമനിലെ വേഷങ്ങൾ ഇതിനുദാഹരണമാണല്ലോ.'

കമലഹാസനെപ്പററി മാധവി പറയുന്നതെന്തെന്നോ?

'എനിക്കു വേണ്ടി കമലഹാസൻ ശുപാർശ ചെയ്യുന്നു എന്നൊക്കെപ്പറയുന്നതു് വെറുതെയാണു്. കമലഹാസൻ ഒരു നടികൾക്കു വേണ്ടിയും ശുപാർശ ചെയ്യാറില്ല. ആ നടന്റെ സ്വന്തം ചിത്രത്തിലഭിനയിച്ചതുകൊണ്ടാകാം എന്നെപ്പററി ഇങ്ങിനെ ഒരു വാർത്ത പരന്നതു്.'

—എസ്സാർ.



ക്യാമറയിലൂടെ...

കാട്ടുപോത്ത്

(പ്രകൃതി രമണീയമായ ഹൈറേഞ്ച് പഞ്ചാത്തലമാക്കി രാജനും സജിയും ചേർന്ന് യുണൈറ്റഡ് ആർട്സ് മൂവിസിന്റെ ബാനറിൽ നിർമ്മിക്കുന്ന ചിത്രമാണ് 'കാട്ടുപോത്ത്'.' ഒരു കാട്ടുപോത്തിനെ തോല്പിച്ച ആരുടെ മുമ്പിലും തല കുനിക്കാത്ത കാട്ടികൊടിയൻ എന്ന യുവാവിന്റെ കഥയാണ് കാട്ടുപോത്തിന്റേതു്. പീരുമേട്ടിലും പരിസരത്തും വെച്ച് പൂർത്തീകരിക്കപ്പെടുന്ന ഈ ചിത്രത്തിന്റെ മുക്കാൽ ഭാഗവും പൂർത്തിയായിരിക്കുകയാണ്.

മഞ്ഞണിഞ്ഞ മലകൾ, കുളിർത്തു നില്ക്കുന്ന പ്രഭാതം. സുധാകരവർമ്മ കുതിരപ്പുറത്ത് സവാരിയ്ക്കിറങ്ങിയിരിക്കുകയാണ്. മഞ്ഞുമലയുടെ ചരുവിലുള്ള ഒററയടിപ്പാതയിലൂടെയാണ് സവാരി. ഒരു വശത്ത് വനം. അല്പം ചെന്നു കഴിഞ്ഞപ്പോൾ ഒരു കടുവാ മുരണ്ടു് കുതിരയുടെ കുറുകെ ചാടി. കുതിര വിരണ്ടു. അതു പായാൻ തുടങ്ങി. വർമ്മ കുതിരയെ നിയന്ത്രിക്കാൻ ആവതും ശ്രമിച്ചു. മലകളും കൊക്കകളും ഇടയ്ക്കുള്ള ഇടുങ്ങിയ പാതയിലൂടെയാണ് കുതിരയുടെ പാച്ചിൽ. ഭയവിഹ്വലമായ നിമിഷങ്ങൾ. ഉദ്വേഗജനകമായ സന്ദർഭം.

ഒരു വൃക്ഷത്തിന്റെ മുകളിലിരുന്ന് തേൻ എടുക്കാൻ ശ്രമിക്കുന്ന കൊടിയൻ ദൂരെ കൂടെ വിരണ്ടു പായുന്ന കുതിരയേയും അതിനെ നിയന്ത്രിക്കാൻ കിണഞ്ഞു ശ്രമിക്കുന്ന ആളിനെയും കണ്ടു. അപകടം മനസ്സിലാക്കിയ കൊടിയൻ മരത്തിൽ നിന്നും ഇറങ്ങി മലയിലെ കുറുക്കു വഴിയിലൂടെ പാഞ്ഞു് കുതിരയുടെ മുന്നിലെത്തി കുതിരയെ പിടിച്ചു നിർത്തി. വർമ്മയെ കുതിരപ്പുറത്തു നിന്നും താഴെയിറക്കി. ക്ഷീണിച്ചവശനായ വർമ്മ തളർന്നു വീണുപോയി. കൊടിയൻ വർമ്മയെ ശുശ്രൂഷിച്ചു. വർമ്മ കണ്ണു തുറന്നു് കൃതജ്ഞതയോടെ കൊടിയനെ നോക്കി.

അടുത്തതു് വർമ്മയുടെ കൊട്ടാരമായിരുന്നു. വർമ്മ സോഫയിൽ ചാരി കിടക്കുന്നു. ക്ഷീണം മാറിയിട്ടില്ല. ഭാര്യ ശാരദാമ്മ അടുക്കലിരുന്നു് ശുശ്രൂഷിക്കുന്നു. രണ്ടുമൂന്നു വേലക്കാർ അകത്തും പുറത്തുമായി നില്ക്കുന്നു. കൊടിയൻ മുററത്തു് നില്ക്കുന്നു.

ശാരദ; ഈ കുതിരസവാരി നിർത്തണമെന്നു് പലപ്പോഴും ഞാൻ പറയാറുണ്ടു്.

വർമ്മ: അപകടം എവിടെയും പതിയിരുപ്പുണ്ടു്. കട്ടിലിൽ കിടന്നുറങ്ങുന്നവർക്കു് സർപ്പ ദർശനം ഏല്ക്കുന്നില്ലെ.

ശാരദ: പരദേവതയുടെ കൃപകൊണ്ടു് ഒന്നും സംഭവിച്ചില്ല. ഇന്നു് വൈകുന്നേരം അമ്പലത്തിൽ പോകണം. വഴിപാടു് നടത്തണം.


വർമ്മ: (ചുററുപാടും നോക്കി) എന്നെ രക്ഷിച്ച മനുഷ്യനെവിടെ (ജോലിക്കാരനോടു്) അയാളെ ഇങ്ങു് വിളിക്കു് ഭഗവാൻ മനുഷ്യന്റെ രൂപത്തിൽ വന്നതാ. അല്ലാതെന്തു പറയാൻ. മരണം വാപിളർന്നു് അടുത്തു് വരുന്നതു് ഞാൻ കണ്ടു. ഹോ ഓർക്കുമ്പോൾ ഞെട്ടുന്നു.


കുഞ്ചു: (മടങ്ങിവന്നു്) അയാളെ അവിടെങ്ങു, കണ്ടില്ല.

വർമ്മ: ങേ– കണ്ടില്ലെ.

ശാരദ: പുറത്തു് നിൽപുണ്ടായിരുന്നല്ലോ.

വർമ്മ; എവിടെയൊണ്ടെങ്കിലും





'കാട്ടുപോത്തിൽ' മധു, ലക്ഷ്മി



സ്വപ്ന, ശങ്കർ

പോയി വിളിച്ചോണ്ടുവാ.

അടുത്തത്ത് കൊടിയൻെറ വീടായിരുന്നു.

കൊടിയൻ ഭക്ഷണത്തിനിരിക്കുന്നു. വല്ലി ചോറ് വിളമ്പുന്നു. വല്ലിയുടെ കൈകളിൽ നിറയെ പുതിയ വളകാം. കൊടിയൻ അത് ശ്രദ്ധിച്ചു.

കൊടിയൻ: ഏതാ ഈ വള.

വല്ലി: തേയി തന്നതാ.

കൊടിയൻ: (ഉറക്കെ) തന്നതോ തരിച്ചതോ. (വല്ലി ഞെട്ടി. ഏതു് നിമിഷവും ഒരു പൊട്ടിത്തെറിയുണ്ടാകും. പെട്ടെന്ന് ചോതി വെള്ളവുമായി അകത്തു് കടന്നു)

ചോതി: (ഇരുവരേയും ശ്രദ്ധിച്ച്) എന്താ.

കൊടിയൻ: അവളോട് കേക്ക്.

ചോതി: എന്നതാ പറയുംന്ന (വല്ലി കടിലിനുള്ളിലേയ്ക്ക് കടക്കുന്നു)

കൊടിയൻ: (വല്ലിയോട്) ഇനി ഈ വേലിക്ക് പുറത്തു കടക്കരുത്ത്.

ചോതി: എന്താ ഉണ്ടായി.

കൊടിയൻ: നിന ക്ക റിയില്ലെ. അവളൊരു പയ്യനുമായി കോവിലിൽ ആടിയതു് കണ്ടില്ലെ.

ചോതി, കാളിയമ്മൻ കോവിലല്ലേ. അവിടെ പൂരത്തിന് ആടാൻ വന്ന ആരോടും തുള്ളുന്നതിനെന്താ.

കൊടിയൻ: നിനക്ക പററിയതു് നിൻെറ മോറാക്കും പററണോ.

ഇത്രയും രംഗങ്ങൾ പ്രഗത്ഭ സംവിധായകനായ ഗോപികുമാറിൻെറ സംവിധാനത്തിൽ എസ്. ജെ. തോമസ് ക്യാമറയിലേയ്ക്ക് പകർത്തി. കൊടിയനായി മധുവും, സുധാകരവർമ്മയായി ജഗന്നാഥവർമ്മയും, ശാരദയായി സുകുമാരിയും, കുഞ്ചുവായി രഘുനാഥും, ചോതിയായി സത്യകലയും, വല്ലിയായി അരുണയും അഭിനയിച്ചു. ഇവരെക്കൂടാതെ ഉമ്മർ. ശങ്കർ, അച്ചൻകുഞ്ഞ്, മാളഅരവിന്ദൻ, കനകദുർഗ്ഗ, സുചിത്ര തുടങ്ങിയവരും വേഷമിടുന്നു. പി. ഭാസ്കരൻെറ ഗാനങ്ങൾക്ക് ജെറി അമൽദേവ് സംഗീതം നൽകുന്നു. യേശുദാസും വിജിയുമാണ് ഗായകർ.

മധുവിൻെറ വ്യത്യസ്തമായ ഒരു വേഷത്തിൽ മികച്ച അഭിനയം കാഴ്ചവെച്ചിരിക്കുന്നു. കഴിവുററ സംവിധായകനായ പി. ഗോപികുമാറിൻെറ സംവിധാനത്തിൽ അണിഞ്ഞൊരുങ്ങുന്ന ഈ ചിത്രം ഡിന്നിഫിലിംസ് നവമ്പർ അവസാനം തിയേററുകളിൽ എത്തിക്കുന്നു. പി. ആർ. ചന്ദ്രനാണ് തിരക്കഥയും സംഭാഷണവും തയ്യാറാക്കുന്നത്.

മധുവും സത്യകലയും പങ്കെടുക്കുന്ന ഒരു നൃത്തരംഗം



സംവിധായകൻ ഗോപികുമാർ





സിനി മിനി

ടിക്-ടിക്-ടിക്- എന്ന ചിത്രത്തിൽ രാധ, സ്വപ്ന, മാധവി എന്നീ നടികൾ സൗന്ദര്യ മത്സരത്തിൽ പങ്കെടുക്കുന്നതായി അഭിനയിക്കുന്നു. സൗന്ദര്യമത്സരത്തിലെ ഒരു കണ്ടീഷൻ അതിൽ പങ്കെടുക്കുന്നവർ നീന്തൽ വേഷത്തിൽ വരണമെന്നാണ്. അതുകൊണ്ട് ഈ മൂന്നു നടികളും നീന്തൽ വേഷമണിഞ്ഞാണ് ചിത്രത്തിൽ അഭിനയിക്കുന്നത്.

* * *



സുമനും രവീന്ദ്രനും അഭിനയിക്കുന്ന ഒരു ചിത്രത്തിന്റെ ടൈറ്റിലിൽ തന്റെ പേര് ആദ്യം വരണമെന്ന് ഇരു നടന്മാരും വാശിപിടിച്ചു. ഇതുപോലെ തന്നെ വനിതയും മേനകയും ഒരുമിച്ച് ഒരു ചിത്രത്തിൽ അഭിനയിക്കുകയില്ല എന്നു മാത്രമല്ല, എവിടെവെച്ചു കണ്ടാലും അവരുടെ അമ്മമാർ തമ്മിൽ വഴക്കാണ്.

* * *

മാധവിയുടെ അച്ഛൻ 8 വിരലിൽ മോതിരവും കഴുത്തിൽ വളരെ വണ്ണത്തിൽ ചെയിനും ധരിച്ചു നടക്കുന്നു. നടികളുടെ പിതാക്കളുടെ കൂട്ടത്തിൽ അഹങ്കാരത്തോടെ നടക്കുന്നത് മാധവിയുടെ അച്ഛൻ



മാത്രമാണ്. പട്ടുവസ്ത്രങ്ങളേ അദ്ദേഹം ധരിക്കാറുള്ളൂ.

* * *




റാണുവവീരൻ (പട്ടാളക്കാരൻ) എന്ന ചിത്രത്തിൽ രജനിയും ശ്രീദേവിയും നായികാനായകന്മാരായി അഭിനയിക്കുന്നു. രജനി ഒരു കൂത്താടിയുടെ വേഷത്തിലും ശ്രീദേവി വളരെ സെക്സിയായും ഈ ചിത്രത്തിൽ അഭിനയിക്കുന്നു.

* * *



'ത്യാഗ്' എന്ന ചിത്രത്തിൽ വളരെ സെക്സിയായി ശ്രീപ്രിയ ഒരു നൃത്തരംഗത്തിൽ അഭിനയിക്കുന്നു. 'സാവൽ' എന്ന ചിത്രത്തിലും ഒരു ക്ലബ്ബ് നൃത്തരംഗത്തിൽ ഇതുപോലെതന്നെ അഭിനയിച്ചു. ശ്രീപ്രിയ ഇപ്പോൾ തമിഴിലെ സീനത്ത് ആണ്.

* * *



ശങ്കരാഭരണത്തിനു ശേഷം രാജ്യലക്ഷ്മി 14 തെലുങ്കു ചിത്രത്തിലും 2 തമിഴ് ചിത്രത്തിലും അഭിനയിച്ചു. എന്നാൽ തമിഴിലെ രണ്ടു ചിത്രങ്ങളും പരാജയങ്ങളാണ്. സ്വജാതയും, കോടീശ്വരൻ മകളും. ഇപ്പോൾ മലയാളത്തിൽ തൃഷ്ണയിലും അഹിംസയിലും രാജ്യലക്ഷ്മി നായികയായി അഭിനയിക്കുന്നു.

* * *




കല
ഫോട്ടോ: കൃഷ്ണൻകുട്ടി



പുഷ്പ

റാണിചന്ദ്രയുടെ ഡ്യൂപ്പായി ഭദ്രകാളി എന്ന ചിത്രത്തിലൂടെ കടന്നുവന്ന പുഷ്പ ഇന്ന് മലയാളത്തിൽ ശ്രീലതയുടെ വിടവു നികത്തുന്നു. അട്ടിമറി തുടങ്ങിയ ചിത്രങ്ങളിൽ പപ്പുവിന്റെ ജോഡിയായി വന്ന ഈ നടി അഴിയാതെ കോലങ്ങൾ എന്ന ചിത്രത്തിൽ വളരെ സെക്സിയായി അഭിനയിച്ചു.

ഫോട്ടോ: സത്യമൂർത്തി



നാന
സിനിമാവാരിക



കമൽ, പുതുമുഖം
ചിത്രം:- രാജപാർവൈ







ഇമ്പിച്ചിയുടെ കുഞ്ഞാട്



ജഗതീ ശ്രീകുമാർ ഒരു ഹാസ്യനടനായിട്ടാണ് സിനിമാവേദിയിൽ അറിയപ്പെടുന്നത്. എന്നാൽ ക്യാരക്ടർ റോളുകളും വിദഗ്ധമായി കൈകാര്യം ചെയ്യാൻ തനിക്കു കഴിയുമെന്ന് ആ നടൻ പല പ്രാവശ്യവും തെളിയിച്ചിട്ടുണ്ട്.

അഭിനയസാദ്ധ്യതയുള്ള റോളുകൾ ലഭിച്ചാൽ ജഗതി അത്യുത്സാഹത്തോടെ അതു സ്വീകരിക്കുകയും എന്തു ബുദ്ധിമുട്ട് സഹിക്കാനും തയ്യാറാവുകയും ചെയ്യും.

ഈയിടെ ബലൂൺ എന്ന ചിത്രത്തിൽ അഭിനയിക്കാൻ ജഗതിശ്രീകുമാർ സെററിലെത്തി. ഇമ്പിച്ചി എന്ന പാവം മുസ്ലീം യുവാവിന്റെ വേഷമാണു ജഗതിക്ക്.

ജഗതിക്ക് അണിയാൻ ഒരു പുതിയ ബനിയനും നിക്കറും വാങ്ങിച്ചു വച്ചിരുന്നു. എന്നാൽ ആ നടൻ ബനിയനെടുത്ത് ആണിയോ മറേറാ ഉപയോഗിച്ച് അത് അവിടവിടെ കീറി. പിന്നീട് നിക്കറിൽ അഴുക്കും പൊടിയും പററിച്ചു. എന്നിട്ട് അത് ധരിച്ചുകൊണ്ട് തറയിൽ കിടന്നുരുണ്ടു. മുഴുവനും മണ്ണും പൊടിയുമാക്കി, മീശ എടുത്തു കളഞ്ഞു. സംവിധായകന്റെ നിർദ്ദേശപ്രകാരം കുററിത്താടി വളർത്തി. മോശപ്പെട്ട മേക്കപ്പണിഞ്ഞു. എന്നിട്ടാണ് അഭിനയം തുടങ്ങിയത്. ഇമ്പിച്ചി എന്ന പാവം നാട്ടുമ്പുറത്തുകാരന്റെ വേഷങ്ങളും ഭാവങ്ങളും എങ്ങനെയായിരിക്കണമെന്ന് ആ നടനു് നല്ല നിശ്ചയമുണ്ടായിരുന്നു. സംവിധായകൻ ഉദ്ദേശിച്ചതിനേക്കാൾ കൂടുതൽ മനസ്സിലാക്കാനും, അതനുസരിച്ച് പ്രവർത്തിക്കാനും ജഗതി ശ്രീകുമാർ ആത്മാർത്ഥമായി ശ്രമിച്ചു. അവിടെ ആ നടന്റെ ഇമേജോ, താരപദവിയോ ഒരു പ്രശ്നമേ ആയില്ല. അപൂർവ്വം നടന്മാരിൽ മാത്രമേ ഇത്തരം സ്വഭാവ വിശേഷങ്ങൾ കാണാനാകൂ.

ജഗതിശ്രീ കുമാറിന്റെ അഭിനയ ജീവിതത്തിലെ അവിസ്മരണീയമായ കഥാപാത്രമായിരിക്കും ബലൂണിലെ ഇമ്പിച്ചി. ചിത്രത്തിന്റെ ഷൂട്ടിംഗിൽ ജഗതി ഇരുപതു ദിവസത്തോളം പങ്കെടുത്തു. ഇതിനിടയിൽ ആട്ടിൻകുട്ടിൽ കിടന്നുറങ്ങുകയും മററും ചെയ്യുന്ന ചില രംഗങ്ങളും ചിത്രീകരിച്ചു. കുഞ്ഞാട് ജഗതിയുടെ ദേഹത്തു തന്നെ മൂത്രമൊഴിച്ചു. ആടിന്റെ കാഷ്ഠം ബനിയനിലും, നിക്കറിലുമൊക്കെയായി. പക്ഷേ വീണ്ടും ദിവസങ്ങളോളം ആ നിക്കറും ബനിയനും ധരിച്ചുകൊണ്ട് തന്നെയാണ് ജഗതി അഭിനയം തുടർന്നത്.

സിനി.. മിനി



ടി. എം. സൗന്ദരരാജനും പി. സുശീലയും തമ്മിൽ സംസാരിച്ചിട്ട് വർഷങ്ങളായി. എന്നാൽ രണ്ടുപേരും ചേർന്ന് ചലച്ചിത്രങ്ങൾക്കു യുഗ്മഗാനം പാടാറുണ്ട്.

* * *

'തുഷാരം' ഇപ്പോൾ ചലനം എന്ന പേരിൽ തമിഴിൽ ഡബ്ബ് ചെയ്യുന്നു.

* * *



തിരക്കഥ

തേനും വയമ്പും

ഴ ഞ്ഞു നില്ക്കുകയാ ഭേദം.

ഏതു മനസ്സ് തുറന്നുനോക്കിയാലും കരിഞ്ഞുണങ്ങിയ നാലഞ്ചു മുറിപ്പാടെങ്കിലും കാണാണ്ടിരിക്കുല. വാട്ടം തട്ടുമ്പോഴം കൊഴിയണേലല്ല പിന്നേം തളിക്കാൻ നോക്കണതിലാ ചെടീടെ ജീവൻ. മനസ്സിലാവുണ്ടോ?



സംവിധാനം
അശോക്കുമാർ

സീൻ അറുപത്തിഒന്ന്-എ

പകൽ ഒ. ഡി ഗ്രൗണ്ട്

പുറത്തു പ്രിൻസിപ്പലും ചിന്നുവും ഉണ്ട്.

ചിന്നുവിന്റെ തോളിൽ കൈവച്ച് അവനെ സമാധാനിപ്പിക്കാൻ ശ്രമിക്കുകയാണദ്ദേഹം.

ചിന്നു: പപ്പ വന്നില്ല.

സീൻ അറുപത്തിരണ്ട്

പകൽ ഒ. ഡി.

സംസാരിച്ചുകൊണ്ട നടന്നുവരുന്ന വാര്യരും രവിയും.

വാര്യർ: താനായിട്ട് എന്നോടൊന്നും പറയേണ്ടതില്ല. ഞാനൊട്ട ചോദിച്ചിട്ടുമില്ല. ഈ കല്യാണോന്നൊക്കെപ്പറയുന്നതു് സ്വപ്നം കാണാനേ കൊള്ളൂ. അതങ്ങ്ട്ട് കഴിഞ്ഞാൽ തന്റെ ഈ പാട്ടും താളവും ഒക്കെ തീർന്നു. തന്നെപ്പോലുള്ളവരു് കഴിയുന്നതും അതീന്നൊ

രവി: ഉവ്വ് സാർ.

വാര്യർ: ഉപദേശിക്കുകയൊന്നുമല്ല. പറയ്‌യാണെന്നു മാത്രം. എന്റെ ഇളയ മോനേക്കാൾ ആറോ എഴോ വയസ്സ് ഇളപ്പമാ താൻ.

രവി: വാര്യർ സാറിന് എന്തൊമെന്നും പറയാം. എന്റെ അച്ഛനേപ്പോലെയാ ഞാൻ കരുതുന്നേ.

വാര്യർ: നാൽ വിഷാദം മാററി ചിരിക്ക്യാൻ നോക്ക്വാ.

കരയാൻ തോന്നുമ്പഴും ചിരിക്ക്യാൻ കഴിയണ ഒരൊററ ജന്തു മനുഷ്യനാ.

ചിരിക്കുന്നു. രവിയും ആ ചിരിയിൽ പങ്കുചേരുന്നു.

സീൻ അറുപത്തിമൂന്ന്

പകൽ ശ്രീദേവി

സ്കൂൾ പരിസരം ആശ

വമ്മ

സ്കൂൾ പരിസരത്തു് ഒററയ്ക്കു ചിന്താമഗ്നയായി അലസയായി നടക്കുന്ന ശ്രീദേവി.

ആശയും വർമ്മയും അതുവഴി പൊട്ടിച്ചിരിച്ചുകൊണ്ടു് കടന്നുവരുന്നു.

ആശ: ടീച്ചറെ ക്വാർട്ടേഴ്സിൽ അന്വേഷിച്ചു കണ്ടില്ല.

ശ്രീദേവി ചിരിച്ചു.

ആശ: അടുത്ത മാസം 16—ാം തീയതിയാണു് കല്യാണം. നേരിട്ടു കണ്ടു് ക്ഷണിക്കുകയാണു്.

വമ്മ: നിർബ്ബന്ധമായും വരണം.

ശ്രീദേവി: ഞാൻ വന്നില്ലെങ്കിൽ പിന്നാരാ വരാ.

ആശ-വമ്മ: താങ്ക് യൂ. പോകട്ടെ

ശ്രീദേവി ചിരിച്ചു.

അവർ കടന്നുപോയി. ശ്രീദേവിയുടെ മുഖത്തു് വിളറിയ ചിരി.

സീൻ അറുപത്തിനാല്

പകൽ മേനോന്റെ വീടു്

നടന്നു വരുന്ന മേനോൻ.

ദൂരെ ശ്രീദേവിയും സുനിലും. അവർ അടുത്തുവന്നു.

സുനിൽ: ഷുവർ ഡാഡീ. ഇത്തവണ ഞാൻ തന്നെയായിരിക്കും ചാമ്പ്യൻ. പ്രോമിസ് മറക്കരുതു്.

ശ്രീദേവി: എന്താ പ്രോമിസു്?

മേനോൻ: എന്റെ പ്രിൻസിനു് ഞാനൊരു കുതിരയെ വാങ്ങിച്ചുകൊടുക്കും. എ വൈററ് ഹോഴ്സു്. മോൻ പോയി കുളിച്ചു് ഡ്രസ്സ് മാറ്. നമുക്കു് ടീച്ചറേയും കൂട്ടി പുറത്തു പോണം. Comeon get ready.

സുനിൽ: ഡ്രസ്സൊക്കെ ഇതു മതി ഡാഡി. നമുക്കു പോകാം ഡാഡി.

ശ്രീദേവി: നോ സുനിൽ. വേഗം പോയി റെഡിയാകൂ!

സുനിൽ അനുസരണയോടെ നടന്നു പോയി.

മേനോൻ: സുനിലിനു് ശ്രീദേവി ഒരു ടീച്ചർ മാത്രമല്ല എന്നെനിക്കറിയാം. ഇപ്പോൾ അവനെ കാണുമ്പോൾ ഒരമ്മയില്ലാത്ത കുട്ടിയാണെന്നു് എനിക്കു് തോന്നുന്നില്ല.

ശ്രീദേവി: അത്ര വലിയ ഒരു കോംപ്ലിമെന്റു് ഞാൻ അർഹിക്കുന്നുണ്ടോ?

മേനോൻ: കോംപ്ലിമെന്റ് ഒന്നുമല്ല. പക്ഷേ ശ്രീദേവിയോടു് അതെങ്ങനെ പറയണം എന്നെനിക്കറിയില്ല. എനിക്കു് ഇനിയൊരു ഭാര്യയെ ആവശ്യമില്ല. അതെനിക്കു തീർച്ചയാണു്. പക്ഷേ എന്റെ സുനിലിനു് ഒരമ്മ വേണം.

ശ്രീദേവി മേനോനെ നോക്കി.

മേനോൻ: ശ്രീദേവിക്കു്....

ശ്രീദേവിയുടെ മുഖം.

മേനോൻ: ഞാൻ പറഞ്ഞതു് ക്രൂരമായിപ്പോയി എന്നെനിക്കു് അറിയാം. പെട്ടെന്നു് മറുപടി പറയാൻ ശ്രീദേവിക്കു് കഴിയില്ലെന്നുമറിയാം. എനിക്കു ധൃതിയില്ല.

ശ്രീദേവിയുടെ മുഖം.

സീൻ അറുപത്തഞ്ച്

ഡെ ഊട്ടി ഒ ഡി.

സുനിലിന്റെ കൈ പിടിച്ചു് നടക്കുന്ന ശ്രീദേവി. തെല്ലു മാറി മേനോനുമുണ്ടു്.

സുനിൽ: ടീച്ചറിനിന്നൊരു സന്തോഷവുമില്ല.

ഇപ്പോൾ ഞാൻ ഒരു വികൃതീം കാണിക്കുന്നില്ലല്ലോ.

ഡാഡി വരെ സമ്മതിച്ചു.

പിന്നെന്താ ടീച്ചർ?

ചിരിച്ചു്, ശ്രീദേവി: ഹേയ് ഒന്നുല്ല സുനിൽ.

സുനിൽ: കള്ളം ടീച്ചറുടെ മുഖം കണ്ടാലറിയാല്ലോ ചോദിക്കു ഡാഡി.

മേനോൻ സുനിലിന്റെ സമീപമെത്തി.

മേനോൻ; ഹേയ് ടീച്ചറിനൊന്നുല്ല മോനെ.

She is very happy look at her face.

സുനിൽ നോക്കി ശ്രീദേവി ചിരിരിച്ചു.

പുറകിൽ ഖാദറുടെ ശബ്ദം: സലാം സാബ്.

മൂന്നുപേരും തിരിഞ്ഞു നോക്കി.

കുതിരയുമായി വരുന്ന ഖാദർ.

മേനോ: എന്താ ഖാദറേ മോനും സുഖമല്ലേ?

ഖാദർ: (കുതിരയോടു്) സാറു ചോദിച്ചതു കേട്ടില്ലേടീ?

നിനക്കു് സുഖമല്ലേന്നു്

കുതിരയുടെ മുഖം

ഖാദർ: ഇന്നു് ആരും കൈനീട്ടം കൊടുത്തില്ലന്നാ അവൾ പറയുന്നേ.

സുനിൽ: ഇന്നു് ഖാദറിക്കയുടെ മോൾക്കു് എന്റെ വക കൈനീട്ടം:

ഖാദർ: മിടുക്കൻ മിടുമിടുക്കൻ.

സുനിൽ കുതിരപ്പുറത്തു കയറി.

അതു കണ്ടു നില്ക്കുന്ന മേനോനും ശ്രീ



ദേവിയും.

സുനിൽ: ബൈ ഡാഡി, ബൈ ടീച്ചർ.

ഖാദർ കുതിരയുമായി നടന്നു.

തെല്ലകലെ എത്തിയപ്പോൾ സുനിൽ പറഞ്ഞു.

സുനിൽ: ഖാദറിക്ക വരണ്ട ഞാൻ തന്നെ ഓടിച്ചോളാം.

കുതിരയോട് ഖാദർ: മോളെ സുനിൽമോനെ സൂക്ഷിച്ചുകൊണ്ടുപോണം.

വേഗത്തിലോടുന്ന കുതിര.

മോന്റെ ചിരിക്കുന്ന മുഖം.

എന്തോ പറഞ്ഞ് പൊട്ടിച്ചിരിക്കുന്ന ശ്രീദേവിയും മേനോനും.

കുതിരയുടെ ചലിക്കുന്ന കാലുകൾ.

പെട്ടെന്ന് കുതിരപ്പുറത്തുനിന്നും തെറിച്ചുവീണു.

മേനോൻ ഞെട്ടിത്തെറിച്ചു.

രക്തത്തിൽ കുളിച്ചു കിടക്കുന്ന സുനിലിന്റെ മുഖം.

മേനോന്റെ നിർവ്വികാരമായ മുഖം.

സീൻ അറുപത്താറ്

പകൽ **മേനോന്റെ വീട്**

പോർട്ടിക്കോയിൽ ദുഃഖിതരായി നില്ക്കുന്ന കുട്ടികൾ

അദ്ധ്യാപകർ.

വെറുങ്ങലിച്ചു നില്ക്കുന്ന മൗനം.

സീൻ അറുപത്താറ് (എ)

മേനോന്റെ വീട് **ബെഡ്റൂം.**

വിതുമ്പിക്കരയുന്ന മേനോൻ.

ശ്രീദേവി മെല്ലെ നടന്നടുത്തു വന്നു.

നിയന്ത്രണം വിട്ട് പൊട്ടിക്കരയുന്ന മേനോൻ.

സീൻ അറുപത്താറ് (ബി)

രാത്രി **മേനോന്റെ വീട് Ext**

ദുഃഖിതരായി നടന്നുനീങ്ങുന്ന പ്രിൻസിപ്പാളും പിന്റുവും.

പിന്റു: ആകാശത്തെ നക്ഷത്രങ്ങളെ കണ്ടോ?

പ്രിൻ: ഉം.

ചിന്റു: അതിലൊന്ന് സുനിലായിരിക്കുമല്ലോ?

പ്രിൻ: ആയിരിക്കും.

ചിന്റു: എനിക്കിപ്പോൾ മൂന്നു നക്ഷത്രങ്ങളെ അറിയാം. എന്റെ മമ്മി, എന്റെ പപ്പ, പിന്നെ....പിന്നെ സുനിലും.

പ്രിൻ. Come dear, നമ്മളും ഒരു ദിവസം അതിലൊന്നായിത്തീരും.

സീൻ അറുപത്തിയേഴ്

പകൽ

അടയുന്ന വാതിലുകൾ. മേനോൻ വാതിൽ പൂട്ടി തിരിയുമ്പോൾ അങ്ങു ദൂരെ ശ്രീദേവിയെ കണ്ടു. അവൾ അടുത്തുവരാൻ അയാൾ കാത്തു നിന്നു.

മേനോൻ: എങ്ങോട്ടാണ് പോകേണ്ടതെന്ന് തീരുമാനിച്ചിട്ടില്ല. പക്ഷേ പോയേ പററൂ.

എനിക്കു നന്ദി പറയാൻ വാക്കുകളില്ല.


കുറേ മരിച്ച ഓർമ്മകൾ തങ്ങിനില്ക്കുന്ന ഈ കൊട്ടാരം മാത്രമേ ബാക്കിയുള്ളു.

താക്കോൽക്കൂട്ടം ശ്രീദേവിയെ ഏല്പിച്ച് വിങ്ങിപ്പൊട്ടി.

നമ്മുടെ പ്രിൻസിന്റെ ഓർമ്മയ്ക്ക്.

മേനോൻ കാറിൽ കയറി.


സുമലത — ശ്രീദേവി


നെടുമുടി വേണു — രവി


പ്രേംനസീർ — വി. സി. മേനോൻ


റാണിപത്മിനി — ആശ

കാർ നീങ്ങി.
നിറഞ്ഞ കണ്ണുകളോടെ ശ്രീദേവി നോക്കി നിന്നു
അവളുടെ കയ്യിൽ നിന്ന് അവളറിയാതെ തന്നെ താക്കോൽക്കൂട്ടം താഴെ വീണു.

സീൻ അറുപത്തിയെട്ട്

പകൽ — ക്വാർട്ടേഴ്സ്

രവിയുടെ മുറി തേടി എത്തുന്ന ശ്രീദേവി. പൂട്ടിയിരിക്കുന്നതു കണ്ട് അവൾ ഞെട്ടി.
ക്വാർട്ടേഴ്സിൻെറ വരാന്തയിലൂടെ അവൾ ആരെയോ തേടിയിട്ടെന്ന പോലെ ഓടി.
മുമ്പിൽ വഴി മറച്ച് രവി.
അവളുടെ മുഖം തെളിഞ്ഞു.
പക്ഷേ രവിയുടെ കയ്യിലെ പെട്ടി കണ്ടപ്പോൾ അവളുടെ മുഖം മങ്ങി.
സംസാരിക്കാനാവാതെ രണ്ടുപേരും കുഴങ്ങി.
രവി മൗനം ഭഞ്ജിച്ചു.

രവി: പോകുന്നതിനു മുൻപ് കാണണമെന്നു കരുതിയില്ല. പ്രതീക്ഷിക്കാത്തതൊക്കെയാണല്ലോ എന്നും സംഭവിച്ചിട്ടുള്ളതു്.
ശ്രീദേവിക്ക് ഒരു നല്ല ജീവിതം തരാൻ മേനോനു കഴിയും.
തിരിച്ചും.
പറയാനുള്ളതു് പറയാൻ കഴിയാത്തതുകൊണ്ട് കുറിച്ചു വച്ചു.
ഇതാ.
യാന്ത്രികമായി അവൾ കത്തു വാങ്ങി.
ഒരു നിമിഷം രവി എന്തിനോ തിരിഞ്ഞു നിന്നു.
അവൾ മുന്നോട്ടു നടന്നു.
ഒന്നും പറയാതെ അയാൾ നടന്നു നീങ്ങി.
ശ്രീദേവി വാതില്ക്കലെത്തി.
അയാളെ ഒരു നോക്കു കൂടി കാണാൻ.
കോണിപ്പടികൾ ചവിട്ടി അവൾ മുകളിലെത്തി.
ദൂരെ, ഒരു ബിന്ദുവായി നടന്നു നീങ്ങുന്ന രവി.

സീൻ അറുപത്തൊൻപത്

രാത്രി — ക്വാർട്ടേഴ്സ്

ശ്രീദേവിയുടെ മുറി തുറന്നു കിടക്കുന്ന ജനാല.
കാററിൽ ശ്രീദേവിയുടെ കയ്യിലിരിക്കുന്ന പേപ്പർ (കടലാസ് മെല്ലെ ആടുന്നു)
നിറഞ്ഞ കണ്ണുകളോടെ ശ്രീദേവി കട്ടിലിലിരിക്കുന്നു.
കടലാസ്സിലെ അക്ഷരങ്ങൾ കണ്ണുനീർ വീണു് നനഞ്ഞിട്ടുണ്ട്.
അക്ഷരങ്ങൾ.
ശബ്ദം.
രവിയുടെ വാക്കുകൾ

രവി: നിരാശ കൊണ്ടോ സങ്കടം കൊണ്ടോ ഓടിപ്പോവുകയല്ല. ഒരു ചെയ്ഞ്ച് മനസ്സിനാവശ്യമാണെന്നു തോന്നി ജീവിതത്തിനും.
അതുകൊണ്ടുമാത്രം എവിടെപ്പോയാലും എൻെറ മനസ്സിൽ എന്നും പച്ച പിടിച്ചു നില്ക്കുന്ന ഒരു ചിത്രമുണ്ടാവും.
ശ്രീദേവിയുടെ.
എല്ലാ സൗഭാഗ്യങ്ങളും നേരുന്നു.
വാക്കുകൾ ഇടറുന്നു.
മെല്ലെ Jade ചെയ്യുന്നു.
ശ്രീദേവി എഴുന്നേററു Wash Basin ൽ പോയി മുഖം കഴുകി.
കണ്ണാടിയിലെ പ്രതിഫലനം നോക്കി പുഞ്ചിരിച്ചു. കരയുന്ന ചിരി
ദൃശ്യം frecze ചെയ്യുന്നു.
ശബ്ദം.

ആത്മഗതം: തൊട്ടാവാടിക്കു എപ്പോഴും വാടാനെ ഭാഗ്യം ഉള്ളൂന്നറിഞ്ഞൂടെ.
പിന്നെന്തിനാ സങ്കടം.
ശ്രീദേവി ചിരിച്ചു.
പിന്നെ സ്വയം പറഞ്ഞു.
ശ്രീദേവി: നിസ്സ് സങ്കടല്യല്യോ.

സീൻ എഴുപത്


പ്രഭാതം — ഊട്ടി

വിട വാങ്ങുന്ന ശ്രീദേവി.
കുതിരവണ്ടിയിൽ ഒറ്റയ്ക്ക്.
വണ്ടി അകന്നകന്ന് പോയി മറയുന്നു.
അവളുടെ മുഖം.
വിഷാദരാഗത്തിൽ നേർത്ത ഗാനം.
രണ്ടു വരികൾ.
അവൾ മറയുമ്പോൾ കാററിലാടുന്ന വൃക്ഷച്ചില്ലകൾ
ജലാശയം.
കുളിർമ്മയിൽ വീണ്ടുമുണരുന്ന പ്രകൃതി ദൃശ്യത്തിലവസാനം.

(അവസാനിച്ചു)


ശങ്കരാടി – വാരിയർ


മോഹൻലാൽ —


ശാന്തകുമാരി — മേട്രൺ



അശ്രുകണങ്ങളിൻ....

മദ്രാസ്സിലെ അരുണാചലം സ്റ്റുഡിയോ ഹോംനാഗിൻെറ 'ജോൺ ജാനി ജനാർദ്ദനൻ' എന്ന പുതിയ ചിത്രത്തിൻെറ ഷൂട്ടിങ്ങ് നടക്കുകയാണ്. ഐ. വി. ശശിയാണ് സംവിധായകൻ.

മുമ്പ് 'കാളി' എന്ന രജനീകാന്ത് ചിത്രത്തിൻെറ ഷൂട്ടിംഗിനു വേണ്ടി അരുണാചലം സ്റ്റുഡിയോയിൽ ഒരു ക്ഷേത്രത്തിൻെറ സെററ് 'ശരിയാക്കി യിരുന്നു. കരിങ്കൽ സ്തൂപങ്ങൾ കൊണ്ട് നിർമ്മിച്ചതെന്നു തോന്നുന്ന ആ ക്ഷേത്രം പിന്നെ പൊളിച്ചുകളഞ്ഞില്ല. പിന്നീട് പല സിനിമയ്ക്കു വേണ്ടിയും അതേ ക്ഷേത്രം ഉപയോഗിച്ചു. ഇപ്പോൾ ജോൺ ജാനി ജനാർദ്ദനനു വേണ്ടിയും അവിടെ വച്ചുതന്നെ ചില രംഗങ്ങൾ ചിത്രീകരിക്കുകയാണ്. ഇതിനിടയി ലാണ് രസകരമായ ഒരു സംഭവം നടക്കുന്നത്.

ഒരു രംഗം ചിത്രീകരിക്കണം. ശശി, നടിമാരായ കെ. ആർ. വിജയയ്ക്കും സുമലതയ്ക്കും നിർദ്ദേശങ്ങൾ നൽകി. അവർ അമ്മയും മകളുമായിട്ടാണഭിനയി ക്കുന്നത്.

രണ്ടുപേരും കൂടി ദർശനവും കഴിഞ്ഞ് പ്രസാദവുമായി ക്ഷേത്രത്തിൽ നിന്നിറങ്ങി നടക്കണം. കുറെ നടക്കുമ്പോൾ പെട്ടെന്നു കെ. ആർ. വിജയ നില്ക്കണം. അകലേയ്ക്ക് അമ്പരന്നു നോക്കണം. (അവിടെ വർഷങ്ങളായി വേർ പിരിഞ്ഞിരുന്ന ഭർത്താവിനെ അവർ കാണുന്നു) പിന്നീട് വിജയയുടെ കണ്ണു നിറഞ്ഞൊഴുകണം, അവർ വിതുമ്പിക്കരയണം. ഇതാണ് ചിത്രീകരിക്കേ ണ്ടത്. ചന്ദ്രമോഹൻ—ബാബു ടീമിൻെറ ക്യാമറ കുറെ അകലെ റെഡിയായി യിരുന്നു.

ഒന്നു രണ്ടു റിഹേഴ്സൽ. അതിനു ശേഷം കെ. ആർ. വിജയയും സുമലതയും ക്ഷേത്രത്തിനുള്ളിൽ കയറി തൊഴുതു. ക്യാമറാ പ്രവർത്തിച്ചു തുടങ്ങി. തൊഴു തിട്ട് തിരിഞ്ഞു നടക്കാൻ തുടങ്ങിയ കെ. ആർ. വിജയയുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. കണ്ണുനീർ ധാരധാരയായി പുറത്തേയ്ക്കൊഴുകി. ശശി പെട്ടെന്ന് കട്ട് പറഞ്ഞു.

ക്ഷേത്രത്തിൽ നിന്നിറങ്ങി കുറെ നടന്നു കഴിഞ്ഞ് പിന്നെ ഇത്തിരി സമയം അനങ്ങാതെ നിന്ന ശേഷമാണ് കണ്ണു നിറയേണ്ടത്. എന്നാൽ കെ. ആർ. വിജയ തൊഴുതു തിരിഞ്ഞപ്പോഴേയ്ക്ക് കണ്ണു നിറഞ്ഞു തുളുമ്പി. ഇതെ ങ്ങിനെ സംഭവിച്ചു എന്നല്ലേ?

ആദ്യം കുറെ ഗ്ലിസറിൻ കണ്ണിൽ പുരട്ടിയ ശേഷമാണ് കെ. ആർ. വിജയ അഭിനയിക്കാൻ തുടങ്ങിയത്. അതുകൊണ്ട് പെട്ടെന്ന് കണ്ണു നിറഞ്ഞുപോയി.

പിന്നീട് രണ്ടു തവണയായി ആ രംഗം ചിത്രീകരിച്ചു. തൊഴുതു ക്ഷേത്ര നടയിൽ നിന്നിറങ്ങുന്നത് ആദ്യമെടുത്തു. പിന്നെ ഗ്ലിസറിൻ പുരട്ടിയ ശേഷം നടന്നു നീങ്ങുന്നത് ചിത്രീകരിച്ചു അപ്പോൾ കരച്ചിൽ കറക്റ്റായിത്തന്നെ വന്നു.





ഭാഗ്യം കൊണ്ടു.



കണ്ടതും കേട്ടതും

ശ്രീപ്രിയ എന്ന പ്രശസ്തയായ തമിഴ് നടി സിനിമാരംഗത്തു വന്നത് യാദൃച്ഛികമായിട്ടായിരുന്നു. ഒരു നടിയായ അവരുടെ ചേച്ചി വൈജന്തി, അ ഭിനയിക്കാൻ പോയപ്പോൾ ശ്രീപ്രിയ ഒരു ദിവസം വെറുതെ അവരോടൊപ്പം ഷൂട്ടിംഗ് കാണാൻ യാത്രയായി. സ്റ്റുഡിയോയിലെത്തി ചേച്ചി അഭിനയി ക്കുന്നത് കണ്ടുനിററ ശ്രീപ്രിയയോട് സംവിധായകൻ പി. മാധവൻ വന്ന് അ ഭിനയിക്കാമോ എന്നു ചോദിച്ചു. എന്തിനധികം പറയുന്നു ശ്രീപ്രിയ അങ്ങിനെ 'മുരുകൻ കാട്ടിയ വഴി' എന്ന ചിത്രത്തിൽ എ. വി. എം. രാജനോടൊപ്പം അഭിനയിച്ചു.

ഏകദേശം ഇതുപോലൊരു കഥയാണു മലയാളനടി കലയുടെയും. കലയു ടെ അനുജത്തി 'കല്പന' ശ്രീകുമാരൻതമ്പിയുടെ സ്വന്തമെന്ന പദത്തിലഭിനയി ക്കാൻ കരാർ ചെയ്യപ്പെട്ടു. അനുജത്തിയോടൊപ്പം ആദ്യദിവസം വെറുതെ സെ ററിലെത്തിയതായിരുന്നു കല. കലയെ കണ്ട ശ്രീകുമാരൻതമ്പി ആ കുട്ടിയ്ക്കു മേയ്ക്കപ്പിടാൻ പറഞ്ഞു. അമ്പരന്നു നിന്ന കലയോട് ശ്രീകുമാരൻതമ്പി പറഞ്ഞു.

'നീ അഭിനയിച്ചാൽ മതി.' കലയുടെ മാതാവിനോടും തമ്പി അതുത ന്നെ പറഞ്ഞു.

അങ്ങനെ സ്വന്തമെന്ന പദത്തിനു വേണ്ടി, അതുവരെ സിനിമയെന്തെ ന്നറിയാത്ത, ക്യാമറാ കണ്ടിട്ടില്ലാത്ത കല മേക്കപ്പിട്ടു. ആദ്യരംഗം എടുത്തു കഴിഞ്ഞു. ഉടനെ ശ്രീകുമാരൻതമ്പി അടുത്ത ഒരു ചിത്രത്തിലേയ്ക്കുകൂടി, കലയുടെ കോൾഷീററ് വേണമെന്നാവശ്യപ്പെട്ടു. അങ്ങിനെ കല അവിചാരിതമായി താരപദവിയിലെത്തി. സ്വന്തമെന്ന പദത്തിൽ അഭിനയിക്കുമ്പോൾ നടി അംബികതന്നെ വളരെയധികം പ്രോത്സാഹിപ്പിച്ചു എന്നു കല പറയുന്നു. കല യുടെ അനുജത്തി കല്പന അരവിന്ദൻെറ പോക്കുവെയിലിലെ നായികയാണ്.

കലയ്ക്ക് ഇപ്പോൾ ധാരാളം തമിഴ് മലയാള ചിത്രങ്ങളുണ്ട്, ബലൂൺ എന്ന ചിത്രത്തിലെ കല പ്രധാനപ്പെട്ട ഒരു കഥാപാത്രത്തെ അവതരിപ്പിക്കുന്നു. എ. വി എമ്മിൻെറ വാടനമല്ലി എന്ന തെലുങ്കു ചിത്രത്തിലെ നായിക കല യാണ്. വാടനമല്ലിയുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു.

ചുവന്ന കാർ





'തൃഷ്ണ എന്ന ചിത്രത്തി'ന്റെ ഷൂട്ടിംഗ് കൊടൈക്കനാലിൽ നടക്കുന്ന അവസരം. ആ ചിത്രത്തിലെ പ്രധാന കഥാപാത്രമായ ദാസ് (മമ്മൂട്ടി) ഉപയോഗിക്കുന്ന ഒരു ചുവന്ന കാറുണ്ടു്. ഈ കാറും ചിത്രത്തിൽ ആദ്യാവസാനമുള്ള ഒരു കഥാപാത്രം തന്നെ. നിർമ്മാതാവായ എം. ടി. ജോർജ് എറണാകുളത്തുള്ള തന്റെ ഒരു സുഹൃത്തിൽ നിന്നും ചിത്രീകരണത്തിനു വേണ്ടി കുറച്ചു ദിവസത്തേയ്ക്കു് കൊടൈക്കനാലിലേയ്ക്കു് കൊണ്ടു പോയതാണു്. ഈ ഫോറിൻ കാർ. കാർ ഉപയോഗിച്ചുള്ള രംഗങ്ങളെല്ലാം ചിത്രീകരിച്ചു കഴിഞ്ഞപ്പോൾ അതു് തിരിച്ചു് എറണാകുളത്തെത്തിക്കുന്ന കാര്യം എം. ടി. ജോർജ് പ്രത്യേകം ഓർക്കുകയും കാർ എറണാകുളത്തേയ്ക്കയയ്ക്കുകയും ചെയ്തു. കൊടൈക്കനാലിലെ ഷൂട്ടിംഗ് പിന്നെയും ദിവസങ്ങളോളം തുടർന്നു.

ഒടുവിൽ ക്ലൈമാക്സ് രംഗങ്ങളുടെ ചിത്രീകരണം തുടങ്ങി. അതോടെ ഷൂട്ടിംഗ് പൂർത്തിയാവുകയാണു്. എന്നാൽ അവസാന രംഗത്തിലും നായകൻ കാർ ഓടിച്ചു പോകുന്നതു്, ചിത്രീകരിക്കാനുണ്ടെന്നു് എം. ടി. ജോർജ്ജ് അപ്പോഴാണു് മനസ്സിലാക്കുന്നതു്. എന്തു ചെയ്യും? കാർ എറണാകുളത്തിനയയ്ക്കുകയും ചെയ്തു. ഇനി അതു് തിരികെ കൊണ്ടുവരാതെ ഷൂട്ടിംഗ് നടക്കില്ല. എത്ര രൂപയുടെ പെട്രോൾ ചെലവു്. അത്ര മാത്രമോ കാർ എത്തുന്നതുവരെ ഷൂട്ടിംഗും മുടങ്ങും, താരങ്ങളുടേയും സംവിധായകന്റേയും കാൾഷീററു് തെററും. ഒരുപക്ഷേ ഒരു ഷെഡ്യൂൾ കൂടി വേണ്ടി വന്നാലും ഒന്നും പറയാൻ പററില്ല.

വേവലാതിയോടെ ജോർജ് ഐ. വി. ശശിയെ കണ്ടു കാര്യം ഓർമ്മിപ്പിച്ചു.

'ശശീ നമുക്കു് അവസാനം രംഗങ്ങളെടുക്കുന്നതിനും കാർ വേണമല്ലോ. അക്കാര്യമോർക്കാതെ ഞാനതങ്ങു തിരിച്ചയച്ചു. ഉടനെ വരുത്താനുള്ള ഏർപ്പാടുണ്ടാക്കട്ടെയോ?'

എന്തായാലും ഷൂട്ടിംഗ് മുടങ്ങിയേ പററൂ എന്നറിഞ്ഞു കൊണ്ടു തന്നെയാണു് ജോർജ് ഇങ്ങിനെ ചോദിച്ചതു്.

എന്നാൽ ശശിയിൽ കാര്യമായ ഒരു ഭാവ വ്യത്യാസവും, ഉൽക്കണ്ഠയും കണ്ടില്ല–

'സാരമില്ല കാർ ഇനി നമുക്കു് വേണ്ട. ഞാൻ ആ രംഗങ്ങൾ ആദ്യം തന്നെ എടുത്തിരുന്നു.'

ശശിയുടെ ഈ വാക്കുകൾ കേട്ടപ്പോൾ എം. ടി. ജോർജ്ജിനുണ്ടായ സന്തോഷവും, അതിശയവും പറഞ്ഞറിയിക്കാനായില്ല.

ഇങ്ങിനെയും ഒരു സംവിധായകനോ?

വേണ്ട കാര്യങ്ങളെല്ലാം വേണ്ടപ്പോൾ തന്നെ– അല്ലെങ്കിൽ മുൻകൂട്ടി ചെയ്യുന്ന ശശിയെപ്പോലൊരു സംവിധായകനെക്കൊണ്ടു് തന്റെ ചിത്രം നിർമ്മിക്കാൻ കഴിഞ്ഞതിൽ തൃഷ്ണയുടെ നിർമ്മാതാവിനു് തികഞ്ഞ ചരിതാർത്ഥ്യമുണ്ടു്.

താരങ്ങൾ ഗോസ്സിപ്പുകൾ....



സിനിമാ ലോകത്തിലെ അന്തർനാടകത്തെപ്പററിയും, നാടകങ്ങളെപ്പററിയും നടീ നടന്മാരുടെയും, സംവിധായകരുടെയും ബന്ധങ്ങളെപ്പററിയും ധാരാളം ഗോസിപ്പുകൾ ചലച്ചിത്ര പ്രസിദ്ധീകരണങ്ങളിൽ വരുന്നതു് സർവ്വസാധാരണമാണു്. സർവ്വസാധാരണമെന്നു പറഞ്ഞാൽ, അതു കൂടുതലും വടക്കേ ഇന്ത്യയിലാണു്. ഹിന്ദി ചലച്ചിത്ര താരങ്ങളുടെ സ്വകാര്യജീവിതത്തെപ്പററിയൊക്കെ ഗോസ്സിപ്പുകൾ സൃഷ്ടിക്കുക അവിടത്തെ പത്രക്കാരുടെ പ്രധാനജോലിതന്നെ. സിനിമാ പത്രങ്ങളിലെ ഗോസ്സിപ്പുകളെപ്പററി നടൻ മമ്മൂട്ടി പറയുന്നതു് കേൾക്കുക.

മിക്ക ഇംഗ്ലീഷ് സിനിമാ പ്രസിദ്ധീകരണങ്ങളും ബോംബെ സിനിമായിലെ അന്തർ നാടകങ്ങൾക്ക വേണ്ടി ധാരാളം പേജ് നീക്കി വെയ്ക്കുന്നുണ്ടു്. ഇതൊക്കെ അവിടത്തെ താരങ്ങൾ സഹിക്കുന്നു....എന്നാൽ ഇടയ്ക്കുവച്ച് ദിലീപ് കുമാറിന്റെ നേതൃത്വത്തിൽ ഈ പ്രവണതയ്ക്കെതിരെ പല താരങ്ങളും ഒരുമിച്ച് ഒരു കരിങ്കുയുദ്ധം പ്രഖ്യാപിച്ചു എങ്കിലും അതു് വിജയിച്ചില്ല.

ഇപ്പോൾ ഹിന്ദിയിലെ ചില ഉന്നതരായ താരങ്ങൾ പോലും തങ്ങളെപ്പററിയുള്ള ഗോസ്സിപ്പുകൾ പത്രലേഖകരോട് വിളിച്ചു പറഞ്ഞിട്ട് പ്രസിദ്ധീകരിക്കണമെന്നപേക്ഷിച്ചു തുടങ്ങിയിട്ടുണ്ടു്. കാരണം അതവർക്കൊരു പബ്ളിസിററിയാകും എന്നതുതന്നെ.

തമിഴിലും ഇപ്പോൾ സ്ഥിതി ഏകദേശം ഇതുപോലെയായി തുടങ്ങിയിട്ടുണ്ടെന്നാണു് മമ്മൂട്ടി പറയുന്നതു്. അവിടത്തെ എല്ലാ വലിയ പ്രസിദ്ധീകരണങ്ങളും ചെറിയ പ്രസിദ്ധീകരണങ്ങളും സിനിമയ്ക്കു വേണ്ടി ധാരാളം പേജ് നീക്കിവയ്ക്കുന്നു. ലിററററി വീക്ക്‌ലി ആയാൽ പോലും അതിൽ പ്രത്യേകം ഗോസ്സിപ്പ് കോളങ്ങൾ കാണാം. തമിഴ് താരങ്ങൾക്ക് പരാതിയുമില്ല.

എന്നാൽ മലയാളത്തിൽ ഇങ്ങനെയൊരു പ്രവണത കണ്ടു തുടങ്ങിയിട്ടില്ലെന്നാണു് മമ്മൂട്ടിയുടെ അഭിപ്രായം.

'ഗോസ്സിപ്പ്' കാളങ്ങളിൽ വരുന്ന വാർത്തകൾ പലതും ഗൗരവമായിട്ടെടുക്കുന്നു. യഥാർത്ഥത്തിൽ അങ്ങിനെയാകാമോ? ചില രസമുള്ള കാര്യങ്ങൾ വന്നാൽ അതു് ആസ്വദിക്കുകയല്ലേ വേണ്ടതു്. ഇവിടത്തെ വിദ്യാഭ്യാസവും, വിവരവുമുള്ള ചില നടന്മാർ പോലും തങ്ങളെപ്പററി ഗോസ്സിപ്പ് കോളങ്ങളിൽ ചില വാർത്തകൾ വരുമ്പോൾ അതു് ഗൗരവമായിട്ടെടുത്തു് അവരോട് ശത്രുത പുലർത്തുന്നു. കുറെ കാലം കഴിയുമ്പോൾ മലയാളത്തിലും ബോംബേ സിനിമാ വേദിയിലെ സ്ഥിതിവരുമെന്നാണു് മമ്മൂട്ടി പറയുന്നതു്.



ഇതൊന്നു ശ്രദ്ധിക്കൂ-തീരുമാനിക്കൂ

വളരെക്കാലങ്ങളായി പലവിധ രോഗങ്ങൾ കൊണ്ടോ, പ്രകൃത്യാ തന്നെ മെലിഞ്ഞും, വിളർത്തും, തളർന്നും, ശരീരത്തിന് ശക്തിയും, ബലവും, ഉണർവ്വും ഇല്ലെന്നു തോന്നുന്നുണ്ടോ? കവിളുകൾ ഒട്ടിയും, രക്തപ്രസാദമില്ലായ്മയും, ചുറുചുറുക്ക് ഇല്ലായ്മയും, ഉറക്കമില്ലായ്മയും, വിശപ്പില്ലായ്മയും, ചെറിയ ജോലി ചെയ്താൽപ്പോലും ക്ഷീണവും, ശരീരത്തിൽ അങ്ങിങ്ങായി വേദനയും, ചെറുപ്പത്തിൽ ഉണ്ടായ വീഴ്ച, അടി, ഇടി, തട, ഒടിച്ചിലുകൾ ഫലമായി വേദന, ഗ്യാസ്ട്രബിൾ കൊണ്ട് വയറ് സ്തംഭിക്കുക, രുചിയില്ലായ്മ, ശ്വാസംമുട്ടൽ, വയറുവേദന, ചുമ, കഫക്കെട്ടൽ, ദാമ്പത്യജീവിതത്തിലുള്ള പരാതികൾ, പരിഭവങ്ങൾ, ശരീരകാന്തിയും മുഖശോഭയും ഇല്ലെന്നുള്ള തോന്നലുകൾ ഇവകളാൽ നിങ്ങൾ ബുദ്ധിമുട്ടുകയും, മാനസിക വിഷമങ്ങൾ അനുഭവിക്കുകയും, ശരീരസുഖം ഇല്ല എന്നുള്ള കാരണത്താൽ വിഷമിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ ആയുർവ്വേദത്തിലെ 64 തരം അമൂല്യ ഔഷധങ്ങൾ ചേർത്ത് പ്രത്യേകം ശ്രദ്ധയോടെ—നല്ല രുചിയോടെ തയ്യാർചെയ്ത **ഒരു ബോട്ടിൽ "കേസരി മാൾട്ട്" ഒരിക്കൽ** കഴിച്ചു നോക്കുക. എത്ര ഫലപ്രദമാണെന്ന് നിങ്ങൾക്കു തന്നെ ബോദ്ധ്യമാകും. സ്ത്രീകൾക്കും കുട്ടികൾക്കും ഏതു പ്രായത്തിലുള്ളവർക്കും കഴിക്കാം. സ്ത്രീകൾക്ക് പ്രസവരക്ഷയ്ക്ക് വളരെ ഉത്തമം.

ഒരു ബോട്ടിൽ കേസരി മാൾട്ട്—20 ദിവസത്തിന്
(450 gm.) 18 രൂപ.

ഇന്ത്യയ്ക്ക് പുറമെയുള്ള ആവശ്യക്കാർ 450 ഗ്രാമിന് 60 രൂപയും (തപാൽക്കൂലിയുൾപ്പെടെ) കൂടുതൽ ആവശ്യമുള്ള ഓരോ 450 ഗ്രാമിനും 40 രൂപയും വീതം ഇന്ത്യയിലെ ഏതെങ്കിലും) ബാങ്കിലേയ്ക്ക് ഡ്രാഫ്റ്റ് അയയ്ക്കേണ്ടതാണ്.

പത്ഥ്യമില്ല. പാൽ കഴിക്കണമെന്നില്ല.
വ്യായാമം ചെയ്യണമെന്നില്ല.

AYURVEDIC HEALTH TONIC
DRUG. MFG. LIC. NO. 57/25-D-78

നിങ്ങളുടെ വിശ്വാസം ഞങ്ങളുടെ സംതൃപ്തി

ഞങ്ങളുടെ സ്റ്റോക്കിസ്റ്റുകൾ

പാലക്കാട് — കെ. എച്ച്. പരശുറാം ആൻറ് കമ്പനി
ആലത്തൂർ — ഉണ്ണി മെഡിക്കൽസ്
വടക്കഞ്ചേരി — രവി മെഡിക്കൽസ്
തൃശൂർ — പി. സി. മെഡിക്കൽസ്
അന്തിക്കാട് — തട്ടിൽ മെഡിക്കൽസ്
ഒല്ലൂർ — ഡിലൈററ് മെഡിക്കൽ സ്റ്റോർസ്
ചാലക്കുടി — ശാന്തി മെഡിക്കൽ സ്റ്റോർസ്
അങ്കമാലി — ശക്തി മെഡിക്കൽസ്
കാലടി — ബാബു ബ്രദേഴ്സ്
പെരുമ്പാവൂർ — പരശുറാം ആൻഡ് കമ്പനി
മൂവാററുപുഴ — ജേക്കബ് ആൻഡ് കമ്പനി
കൂത്താട്ടുകുളം — വൻനിലം മെഡിക്കൽ സ്റ്റോർ
ഏററുമാനൂർ — ഏററുമാനൂർ മെഡിക്കൽസ്
കോട്ടയം — കുരുവിള മെഡിക്കൽ സ്റ്റോർസ് (പ്രൈവററ് ബസ്സ്സ്റ്റാൻഡിനു സമീപം)
— ജാക്സൺ മെഡിക്കൽ സ്റ്റോർ
കറുകച്ചാൽ — കരുണാ മെഡിക്കൽ സ്റ്റോർസ്
മണിമല — എലൈററ് മെഡിക്കൽസ്
കാഞ്ഞിരപ്പള്ളി — പി. വി. മെഡിക്കൽസ്
മുണ്ടക്കയം — സെൻറ് ജോർജ്ജ് മെഡിക്കൽ സ്റ്റോർ
പീരുമേട് — ററി. സി. കുമാരൻ, ജനറൽ മർച്ചൻറ്
പാമ്പനാർ — എം. പി. ഗുരുസ്വാമി നാടാർ, ജനറൽ മർച്ചൻറ്
കുമളി — ഹൈറേഞ്ച് ഡ്രഗ് ഹൗസ്
വണ്ടിപ്പെരിയാർ — പെരിയാർ മെഡിക്കൽ സ്റ്റോർസ്
അണക്കര — മണപള്ളിയിൽ മെഡിക്കൽസ്
പുററടി — റാണി മെഡിക്കൽസ്
കല്ലാർ—തൂക്കുപാലം — ശക്തി മെഡിക്കൽ ഏജൻസീസ്
നെടുങ്കണ്ടം — സോണി മെഡിക്കൽസ്
കട്ടപ്പന — എസ്. എച്ച്. മെഡിക്കൽ ഹാൾ
ഇടുക്കി—ചെറുതോണി — സി. ഐ. മെഡിക്കൽസ്
അടിമാലി — സ്വരാജ് മെഡിക്കൽസ്
കോതമംഗലം — മേലത്തു് മെഡിക്കാൽ സ്റ്റോർസ്
തൊടുപുഴ — ഭാരത് ഡ്രഗ് ഹൗസ്
പാലാ — നിരപ്പേൽ മെഡിക്കൽസ്
ചങ്ങനാശേരി — കോഹിനൂർ മെഡിക്കൽസ്
തിരുവല്ല — നെൽകോ മെഡിക്കൽസ്
ചെങ്ങന്നൂർ — യൂണിവേർസൽ മെഡിക്കൽ സ്റ്റോർസ്
ആറന്മുള — എം. ജി. ഡ്രഗ് ഹൗസ്
കോഴഞ്ചേരി — വടക്കേത്തു് ഡ്രഗ് ഹൗസ്
റാന്നി — ജോൺസൺ മെഡിക്കൽ സ്റ്റോർ
പത്തനംതിട്ട — ജോൺസൺ മെഡിക്കൽ സ്റ്റോർ
കോന്നി — അലക്സ് മെഡിക്കൽ സ്റ്റോർ
പത്തനാപുരം — ഫാത്തിമാ മെഡിക്കൽസ്
പുനലൂർ — വേൽ മെഡിസിൻ ഷോപ്പ്
അടൂർ — സായ്റാം മെഡിക്കൽസ്
കൊട്ടാരക്കര — പുലമൺ മെഡിക്കൽ സ്റ്റോർസ്
ആററിങ്ങൽ — സരോസ് മെഡിക്കൽ സെൻറർ
കിളിമാനൂർ — എസ്. എൻ. മെഡിക്കൽ സപ്ലൈസ്
വർക്കല — എസ്. എൻ. മെഡിക്കൽ സ്റ്റോർസ്, പുത്തൻചന്ത
ചാത്തന്നൂർ — അജന്താ മെഡിക്കൽസ്
കൊട്ടിയം — സുരേന്ദ്രാ മെഡിക്കൽ സ്റ്റോർ
കൊല്ലം — ജോൺ ആൻഡ് കമ്പനി—ചാമക്കട
ചവറ—കൊററംകുളങ്ങര — ശ്രീകൃഷ്ണാ മെഡിക്കൽ സ്റ്റോർസ്
ശാസ്താംകോട്ട — അയ്യപ്പാ മെഡിക്കൽ സ്റ്റോർസ്
കരുനാഗപ്പള്ളി — ശ്രീഅയ്യപ്പാ മെഡിക്കൽ സ്റ്റോർസ്
ഓച്ചിറ — സാംസ് മെഡിക്കൽ ഹാൾ
കായംകുളം — കെ. ബി. മെഡിക്കൽ ഏജൻസീസ് (സിററി മെഡിക്കൽസ്)
മാവേലിക്കര — പള്ളത്തു മെഡിക്കൽ സ്റ്റോർസ്
ഹരിപ്പാട് — ദീപാ മെഡിക്കൽ സപ്ലൈസ്
അമ്പലപ്പുഴ — റാണി മെഡിക്കൽസ്
ആലപ്പുഴ — ദീപാ മെഡിക്കൽസ്
ചേർത്തല — കരിയിൽ മെഡിക്കൽസ് (ട്രാൻസ്പോർട്ട ബസ്സ്സ്റ്റാൻഡിനു മുൻവശം)
തോപ്പുംപടി-കൊച്ചിൻ — സംഗം മെഡിക്കൽസ്
എറണാകുളം — ആനന്ദാ ഫാർമസി—ബ്രോഡ്‌വേ
തൃപ്പൂണിത്തുറ — സെൻറ് മേരീസ് മെഡിക്കൽസ്
വൈക്കം — പോൾ മെഡിക്കൽ സ്റ്റോർസ്
തലയോലപ്പറമ്പ് — കുരാപള്ളിൽ മെഡിക്കൽ സ്റ്റോർ
ഉദ്യോഗമണ്ഡൽ — മാമ്പിള്ളി മെഡിക്കൽസ്
ആലുവാ — സുരാജ് മെഡിക്കൽസ്
എൻ. പറവൂർ — സുരേഷ് മെഡിക്കൽസ്
ഇരിങ്ങാലക്കുട — ലതാ എൻറർപ്രൈസസ്
കൊടുങ്ങല്ലൂർ — ശ്രീ രാജഗോപാൽ മെഡിക്കൽ സ്റ്റോർ ശൃംഗപുരം
ചാവക്കാട് — ഷയിൻ മെഡിക്കൽ സ്റ്റോർസ്
ഗുരുവായൂർ — റീനാ ഡ്രഗ് ഹൗസ്
കുന്നംകുളം — പനയ്ക്കൽ ഫാർമസി
വടക്കാഞ്ചേരി — ശാസ്താ മെഡിക്കൽസ്
ഷൊർണ്ണൂർ — സിംല മെഡിക്കൽസ്
ഒററപ്പാലം — മന്ദാടിയാർ ഫാർമസി
കൂററനാട് — രജിത മെഡിക്കൽസ്
പട്ടാമ്പി — നെടുങ്ങാടി മെഡിക്കൽ സ്റ്റോർസ്
പൊന്നാനി — എ. എം. മെഡിക്കൽ സ്റ്റോർസ്
കുററിപ്പുറം — സിഫാ മെഡിക്കൽസ്
വളാഞ്ചേരി — വളാഞ്ചേരി മെഡിക്കൽസ്
നിലമ്പൂർ — പ്രീതി മെഡിക്കൽസ്
പെരിന്തൽമണ്ണ — ബാബു മെഡിക്കൽസ്
മഞ്ചേരി — സുപ്രിയാ മെഡിക്കൽസ്
തിരൂർ — തിരൂർ മെഡിക്കൽ ഹാൾ
മലപ്പുറം — ജനതാ മെഡിക്കൽ സ്റ്റോർ
കൊയിലാണ്ടി — ടൗൺ മെഡിക്കൽ ഹാൾ
ബടകര — സിററി മെഡിക്കൽ ഹാൾ
തലശ്ശേരി — മലബാർ ഫാർമസി
കണ്ണൂർ — ലക്ഷ്മി മെഡിക്കൽ സപ്ലയേർസ്
വളപട്ടണം — പാർവതി മെഡിക്കൽസ്
തളിപ്പറമ്പ് — തളിപ്പറമ്പ് ഫാർമസി
പയ്യന്നൂർ — എൻ. ഗംഗാധര ഷേണായ് ആൻഡ് സൺസ്
കാഞ്ഞങ്ങാട് — രാമനാഥ് മെഡിക്കൽ സ്റ്റോർ
കാഞ്ഞങ്ങാട് — ജനറൽ മെഡിക്കൽസ്
കാഞ്ഞങ്ങാട് — സുദർശൻ ഫാർമസി (ഓപ്പസിററ് ബസ്സ്സ്റ്റാൻഡ്)
കാസർകോട് — യൂനിക്ക് ഫാർമസി
മംഗലാപുരം — ഷാ ആൻഡ് കമ്പനി
ഉടുപ്പി — കനറാ മെഡിക്കൽസ്
പുത്തൂർ — ശ്രീധർ ഭട്ട് ബ്രദേർസ്
ബോംബെ — ജയന്തി ജനറൽ സ്റ്റോർ—ദാദർ


പ്രത്യേകം ശ്രദ്ധിക്കുക: ഏജൻസി വ്യവസ്ഥകൾക്കും മററും ഞങ്ങളുടെ കേരളത്തിലെ വിതരണക്കാരായ
M/s. GEEPEE ENTERPRISES, P. O. Box No. 103, Kottayam-1, Phone: 3718, 3983
എന്ന വിലാസത്തിൽ എഴുതുക.
നിങ്ങളുടെ സ്ഥലത്ത് ഞങ്ങളുടെ സ്റ്റോക്കിസ്റ്റുകൾ ഇല്ലെങ്കിൽ 10 രൂപ അഡ്വാൻസ് സഹിതം ഹെഡ്ഡാഫീസിന് നേരിട്ട് എഴുതുക. V. P. P. ആയി ഉടനെ അയച്ചുതരുന്നു. V. P. P പാക്കിംഗ് ചാർജ്ജ് പുറമെ.

KESARI PHARMO LABS, 12/10 C. B. E. ROAD, PALGHAT-1

ഗ്രീൻറൂം... ..ഹരി



ഇതുകാണുമ്പോ മാംസപേശികൾ ഇളകുന്നില്ലേ— മുഖത്ത് • അതാ സെക്സ്
സെക്സ് അഭിനയിക്കാൻ കെട്ടിപ്പിടിക്കുകയൊന്നും വേണ്ട; മുഖത്തെ ഭാവാഭിനയം മതി. —ശ്രീദേവി
നിങ്ങൾക്ക് നിങ്ങടെ സുഖം മാത്രം. ഞങ്ങൾ എങ്ങനെ കഴിയുന്നുവെന്നറിയണ്ട...
സർക്കാർ
യാതൊരു മുതൽമുടക്കുമില്ലാതെയാണ് സർക്കാർ സിനിമാവ്യവസായത്തിന്റെ ആദായം പറ്റുന്നത്. — ശങ്കരൻനായർ
(അത്താഴസംബന്ധം)
ബക്കർ NOT FOR SALE
വാടകയ്ക്ക് കൊടുക്കപ്പെടും
മുഖവും...
...പുറവും
കച്ചവട സിനിമ ആരെയും വിലയ്ക്കു വാങ്ങുമെന്നതാണ് ഇന്നു കാണുന്നതെന്ന് പി. എ. ബക്കർ
HARI
കള്ളസന്യാസിമാർ പെരുകുന്നു..
സിനിമയിൽ ഗാനത്തിന്റെ പ്രസക്തി നഷ്ടപ്പെടും — എം. ജി. രാധാകൃഷ്ണൻ
നടികളുടെ സ്വകാര്യ ജീവിതം പത്രക്കാർക്ക് എഴുതുവാനെന്ത കാര്യമുണ്ടോ? —പ്രമീള
(കണ്ണടച്ചാൽ ഇരുട്ടാകുമോ?)



തിക്കുറിശ്ശി സുകുമാരൻ നായർ

എന്റെ അരങ്ങും ജീവിതവും

സ്നേഹിതന്മാരെല്ലാം പിറേറ ദിവസത്തെ ഡിന്നറിനു വേണ്ടി തയ്യാറെടുക്കാൻ പരിപാടിയിട്ടു. ഞാനധികനേരം അവരുടെ കൂടെ കഴിഞ്ഞില്ല. ഇതിനിടയിൽ ഒരു പത്തു രൂപ രണ്ടുമൂന്നു മാസത്തിനു മുൻപ് എനിക്കു കടംതന്ന നാരായണപിള്ള പോകുന്നതു ഞാൻ കണ്ടു. അയാളെന്നെ കണ്ടില്ല. പക്ഷേ ഞാനയാളെ കൈകൊട്ടി വിളിച്ചു.

'ആ രൂപ ഞാൻ നാളെ തരാം കേട്ടോ.'

അയാളൊന്നു ചിരിച്ചു.

ഞാൻ നേരെ വീട്ടിലേയ്ക്കു ചെന്നു. ഊണുകഴിച്ച് മുററത്തിറങ്ങി ഉലാത്തുവാൻ തുടങ്ങി. സമയം പോകുന്നില്ല. മണി പത്തടിച്ച ശബ്ദം കാതിൽ വീണു. ഇനിയും രണ്ടു മണിക്കൂർ ഉണ്ട്. സമയം പേടിച്ചുപേടിച്ചാണ് നീങ്ങുന്നത്. വീണ്ടും റോഡിലിറങ്ങി. ആൾ സഞ്ചാരം കുറഞ്ഞുവരികയാണ്. കുറെ സമയം അടുത്തുള്ള കരിങ്കൽ തൂണിൽ കയറിയിരുന്നു. ഇരിപ്പുറയ്ക്കുന്നില്ല. എണീററ് വീട്ടിനകത്തു വന്നു. ഒരു പഴയ മാസിക കയ്യിലെടുത്ത് വായിക്കാൻ ശ്രമിച്ചു. പേജ് മറിയുന്നില്ല. എവിടെ തുടങ്ങിയോ അവിടെ നിൽക്കുകയാണ് ഞാൻ. ഇടക്കിടയ്ക്ക് മേശപ്പുറത്തിരിക്കുന്ന ടൈംപീസിൽ കണ്ണ് ചെന്നു പററി. ചെറിയ സൂചി പതിനൊന്നിലെത്താറായിരിക്കുന്നു. ഇനിയും ഒരു മണിക്കൂർ. വല്ലാത്തൊരു വെപ്രാളം. പുരുഷന് പ്രസവ വേദനയുണ്ടായാൽ ഏകദേശം ഈ മട്ടായിരിക്കും. ഓർമ്മയുണ്ടായിരുന്ന ചങ്ങമ്പുഴയുടെ ഈരടികൾ പലതും ഉറക്കെ ചൊല്ലി. പതിവില്ലാത്ത ചേഷ്ടകൾ പലതും കാട്ടി.

'ഇന്നെന്താടാ നിനക്ക്?' അമ്മ ചോദിച്ചു.

ഞാനൊന്നും മിണ്ടിയില്ല.

'നീയെന്താ ഉറങ്ങാത്തത്?'

'നാളെ നവജീവനൊരു കവിത കൊടുക്കണം. അതാലോചിക്യാ'

അമ്മ വിശ്വസിച്ചു.

ഇതിനിടയിൽ എന്റെ മുറിയുടെ ഉള്ളിൽ ഞാൻ പലവട്ടം കയറി ആ പെട്ടിയെത്തന്നെ നോക്കിനിന്നു.

ഇനി 15 മിനിറേറ ഉള്ളു. ടൈംപീസിന്റെ സൂചികൾ ചലിക്കുകയാണ്. എന്റെ ഹൃദയത്തുടിപ്പ് ത്വരിതഗതിയിലായി, ശരീരം ആകെ തരിക്കുന്നുണ്ട്. വീട്ടിൽ എല്ലാപേരും ഉറങ്ങിക്കഴിഞ്ഞു. അതാ രണ്ടു സൂചികളും ഒന്നിനു മീതെ ഒന്നായി ഇണചേർന്നു 12–ൽ എത്തി. ഞാൻ ചാടിയെണീററു. ഈ മണി തെററാണെങ്കിലോ? അടുത്ത വീട്ടിലെ ക്ലോക്കുകൂടി അടിച്ചോട്ടെ.... 'ണാം ണാം' ക്ലോക്കു ശബ്ദിച്ചു. 12. ഇനി സംശയമില്ല. ഞാൻ മുറിയിലെത്തി, എന്റെ ചുവടുകൾ നിലത്തു പാകുന്നില്ല. കൈകൾ വിറയ്ക്കുന്നുണ്ട്. പെട്ടിയിൽ തൊട്ടപ്പോൾ എന്റെ ശരീരം ഒന്നു നടുങ്ങി. ഞാൻ മെല്ലെ അതു പകുതി തുറന്ന് കയ്യ് ഉള്ളിലേയ്ക്കു കടത്തി. കല്ല് സൂക്ഷിക്കപ്പെട്ടിരുന്ന കോണിൽ തന്നെ എന്റെ കൈ ചെന്നു പററി. എന്റെ നെഞ്ചിനകത്ത് കുറെ ഏറുപടക്കങ്ങൾ പൊട്ടി. ആ പഴയ കല്ല് എന്റെ കൈവിരലുകളിൽ തടഞ്ഞു. ഞാനതു പുറത്തെടുത്തു. എനിക്കു സംശയം തീർന്നില്ല. ഞാൻ പെട്ടി മലക്കെ തുറന്ന് ടോർച്ചു ലൈററ് തെളിയിച്ച് അതിനുള്ള മുഴുവൻ പരിശോധിച്ചു. കത്തുകളും കടലാസ്സുകളും ഒതുക്കിവച്ചിരുന്ന ഒരു മൂലയിൽ ഒരു പൊതിയിരിക്കുന്നു. ആവേശത്തോടെ ഞാനതെടുത്തു നിവർത്തു.

10 രൂപാ നോട്ടുകളുടെ ഒരു കെട്ട്! എന്റെ കണ്ണുകളെ എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. ആ നോട്ടുകൾക്ക് ജീവനുണ്ട്. എണ്ണിനോക്കുവാൻ ഒരു വെമ്പൽ. 'ഒന്ന്, രണ്ട്, മൂന്ന്' മുപ്പത്തിയഞ്ചുവരെ ഞാൻ എണ്ണി. പിന്നേം നോട്ടുകൾ ബാക്കി കിടക്കുന്നു. കുട്ടിച്ചാത്തന് പിശക് പററിയിരിക്കുമോ? കൂടുതൽ രൂപ എങ്ങനെ വന്നു? ധൃതിയിൽ ബാക്കി എണ്ണിത്തുടങ്ങി. അമ്പതിൽ എത്തിയപ്പോൾ അവസാനത്തെ നോട്ടു തീർന്നു. 500 രൂപ!

350 എന്നല്ലെ ആശാൻ പറഞ്ഞത്. 150 അധികമാണ്. അതെങ്ങനെ സംഭവിച്ചു. ഒരെത്തും പിടിയും കിട്ടിയില്ല. ഞാനെന്നെ തന്നെ മറന്നു. വീട്ടിലുള്ളവരെ വിളിച്ചു പറഞ്ഞാലെന്താ. വേണ്ട. എന്തു ചെയ്യണമെന്ന് എനിക്കു തന്നെ അറിഞ്ഞുകൂട. ഞാനാ നോട്ടുകൾ എന്റെ മടിയിൽ വച്ചുകെട്ടി. കിടക്കണമെന്നോ ഉറങ്ങണമെന്നോ തോന്നിയില്ല. വരാന്തയിൽ ഇട്ടിരുന്ന കട്ടിലിൽ അച്ഛൻ കൂർക്കംവലിച്ചു കിടന്നുറങ്ങുകയാണ്. എങ്ങനെയെങ്കിലും നേരം വെളുത്താൽ മതിയായിരുന്നു. മടിയിൽ വച്ചിരിക്കുന്ന നോട്ടിൽ കൈചേർത്തു വച്ചുകൊണ്ട് ഞാൻ തൂണും ചാരി ഇരുന്നു. എത്ര സമയം അങ്ങനെ ഇരുന്നെന്നു നിശ്ചയമില്ല. കോഴി കൂവി. നേരം വെളുത്തുതുടങ്ങി. ഞാനെണീററു കാലും മുഖവും കഴുകി, മുണ്ടുമാറി. ആ നോട്ടിന്റെ കെട്ടുമായി പുറത്തിറങ്ങി.

'കേവലം മുന്നൂററമ്പതു രൂപയെപ്പററി ഇത്രകണ്ട് കഥാകാലക്ഷേപം നടത്തുവാനെന്തിരിക്കുന്നു' എന്ന് ചിലപ്പോൾ ഇന്നത്തെ തലമുറയിൽപ്പെട്ട ചെറുപ്പക്കാർ ചിന്തിക്കുമായിരിക്കും. അന്നത്തെ 350 രൂപ ഇന്നത്തെ മുപ്പത്ത

(തുടരും)

ഒളിമങ്ങാത്ത ഓർമ്മകൾ

ത്സായിരമാണ്. അന്ന് ഒരു ചാക്കരിക്ക് പതിനഞ്ചു രൂപയിൽ കവിയുകയില്ല. നാഞ്ചിനാടൻ ഒരു കോട്ട നെല്ല്, അതായത് ഇരുപത്തിയൊന്നു മരയ്ക്കാല്— എന്നുവച്ചാൽ ഇരുനൂററിപ്പത്തു നാഴി നെല്ലിന് എട്ടു രൂപയേയുള്ളു. ഇന്നത്തെ ഇരുപതു പൈസയോ, രണ്ടണയോ— എന്ന കണക്കു വച്ച് നോക്കുമ്പോൾ അന്നത്തെ നാണയപ്രകാരം മൂന്നരച്ചക്രം മതി മൃഷ്ടാന്നം തൈരും കൂട്ടി ശാപ്പാടടിക്കാൻ. ഒരു വെള്ളിപ്പണത്തിന്റെ വിലയുള്ള നാല് ഒററച്ചക്രം കൊടുത്താൽ ഒന്നാംതരം ആട്ടിറച്ചിയും ഊണിന്റെ കൂടെക്കിട്ടും. നാലു കാശോ എട്ടുകാശോ കൊടുത്താൽ ഒരു മുട്ടൻ നാളികേരം ലഭിക്കും. ഒന്നര അണ മുടക്കിയാൽ ആനക്കാലിന്റെ വട്ടത്തിൽ ഘനം കൂടിയ രണ്ടു ദോശയും ഒരു ഗ്ലാസ്സ് പൊടിപ്പൻ ചായയും തരും. ഒരു സാക്ഷാൽ കുതിരപ്പവന് അന്നു പന്ത്രണ്ടു പതിമൂന്ന് രൂപയേ വിലയുള്ളു., ഏററവും മേത്തരമെന്ന് അന്ന് പ്രഖ്യാതി പെററ ഫ്യൂജി സിൽക്കെന്ന വിദേശത്തുണി വാരയ്ക്ക് ഒരു രൂപയേ വിലയുള്ളു. അന്ന് തിരുവനന്തപുരം കോളേജുകളിൽ പല സ്ഥലങ്ങളിൽ നിന്നും വന്നു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കേവലം അമ്പതു രൂപ മതി, ഫീസിനും മുറിവാടകയ്ക്കും ഭക്ഷണത്തിനുമെല്ലാം. അന്ന് തൈക്കാട്ട് പാപ്പരുടെ ഹോട്ടൽ എന്ന് പേരു കേട്ട ഒരു താവളസ്ഥലമുണ്ടായിരുന്നു. മുറിയും ഭക്ഷണവുമൊക്കെ ഒരു മാസം മുപ്പതു രൂപയ്ക്കുള്ളിലൊതുങ്ങും. അന്ന് അങ്ങനെ അവിടെ താമസിച്ചു പഠിക്കുന്ന യുവാക്കന്മാരോട് 'നിങ്ങൾ എവിടെയാ താമസിക്കുന്നതെന്നു ചോദിച്ചാൽ 'പാപ്പരുടെ മുറിയിൽ' എന്ന് സാധാരണ മറുപടി പറയും. അന്ന് രണ്ടണ കൊടുത്താൽ കസേരയിലിരുന്ന് സിനിമാ കാണാം. അമ്പതു രൂപ കൊടുത്താൽ ഫസ്റ്റ്ക്ലാസ്സ് സൈക്കിളും മുപ്പതു രൂപയ്ക്ക് സ്വിസ്സ്മെയ്ഡ് ഒന്നാംതരം റിസ്റ്റ്‌വാച്ചും കിട്ടും.

എനിക്കു കുട്ടിച്ചാത്തൻ തന്ന ആ അഞ്ഞൂറു രൂപ ഇന്നത്തെ അമ്പതിനായിരം രൂപയ്ക്കു തുല്യമാണ്.

ഞാൻ മുറുക്കാൻകടയിൽ പതിനഞ്ച് രൂപ ഏല്പിച്ചു. തലേ ദിവസം ചായകുടിച്ച കടം വീട്ടി. പററുവരവുള്ള ചായപ്പീടികയിൽ ഇരുപത്തഞ്ചു രൂപ മുൻകൂറ് നൽകി. സൈക്കിൾ എംപോറിയത്തിൽ കയറി ഒരു പുതിയ സൈക്കിളിന് അഡ്വാൻസു കൊടുത്തു. നാല്പതു രൂപയ്ക്ക് ഒരു റിസ്റ്റ്‌വാച്ച് വാങ്ങി. റെഡ്യരുടെ ജൗളിക്കടയിൽ നിന്നും കുറെ ജൗളി വാങ്ങി. അതു മാത്രം നൂറു രൂപയിൽ കവിഞ്ഞിരിക്കുന്നു. എല്ലാമായപ്പോൾ സമയം ഉച്ചയോടടുത്തു. അത് എന്റെ ജീവിതത്തിലെ ഒരു ഉത്സവ ദിവസമായിരുന്നു. ഞാൻ വാങ്ങിയ തുണിക്കെട്ടുമായി ചാലക്കമ്പോളം വഴി നടന്നുവരികയാണ്. പെട്ടെന്ന് എന്റെ സ്യാലൻ— അച്ഛന്റെ അനന്തരവൻ സൈക്കിളിൽ വന്ന് എന്റെ മുമ്പിലിറങ്ങി.

'കയ്യിലെന്തോന്നാ?'

'കുറെ ജൗളി.'

'നീ എവിടെപ്പോകുന്നു?'

'വീട്ടിൽ.'

'വേഗം ചെല്ല്.'

അദ്ദേഹത്തിന്റെ മുഖത്ത് ഒരു വെറുപ്പ് പൊടിഞ്ഞുകണ്ടു. ഞാൻ സാവധാനം നടന്ന് വീട്ടിലെത്തി. ഉമ്മറത്തു കസേരയിൽ അച്ഛൻ വിഷാദമൂകനെന്നപോലെ കിടക്കുന്നു. അമ്മയുടെ കണ്ണുകൾ കലങ്ങിയിട്ടുണ്ട്. എന്നെ കണ്ടപ്പോൾ അമ്മയുടെ മുഖത്തിന് ഒരു വ്യത്യാസം വന്നു. അതിൽ ഏതോ അത്യാഹിതം പ്രതീക്ഷിച്ചിരുന്നത് നീങ്ങിക്കിട്ടിയെന്ന സമാധാനം തുളുമ്പിനിന്നു. കളഞ്ഞുപോയ മകൻ മടങ്ങിവന്നാലുള്ള ഒരു വികാരമാണ് ആ മുഖരേഖകൾ വിളംബരം ചെയ്തത്. അച്ഛന്റെ മുഖം ഇരുട്ടുകെട്ടിയിരിക്കയാണ്. കണ്ണുകളിൽ തീപ്പൊരി പറക്കുന്നതുപോലെ തോന്നി. എന്റെ കയ്യിലിരിക്കുന്ന ഭാണ്ഡത്തിൽ തന്നെ അച്ഛൻ സൂക്ഷിച്ചുനോക്കുന്നു. അമ്മ എന്നെ അകത്തെ മുറിയിൽ വിളിച്ച് തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു:

'മക്കളേ, നീ ആ രൂപ എടുത്തെങ്കിൽ പോകട്ടെ. സാരമില്ല. മക്കള് ഒട്ടും വിഷമിക്കണ്ട.'

'ഏതു രൂപ?' ഞാൻ ആവേശത്തോടും ഉൽക്കണ്ഠയോടും ചോദിച്ചു.

'അച്ഛൻ ഇന്നലെ താക്കറിശ്ശിയിൽ നിന്നും ചിട്ടി പിടിച്ചുകൊണ്ടുവന്നു വെച്ചിരുന്ന അഞ്ഞൂറു രൂപ.'

'അതെവിടെ വെച്ചിരുന്നു?'

'നിന്റെ തോൽപ്പെട്ടിക്കകത്ത്. നീ ചെലവാക്കിയതിൽ മിച്ചമുണ്ടെങ്കിൽ തരണ്ട. ഇനിയും നിനക്കു വല്ലതും വാങ്ങിക്കാനുണ്ടെങ്കിൽ വാങ്ങിച്ചോ. എന്തായാലും മക്കള് ഇതിന്റെ പേരിൽ ഒരിടത്തും പൊട്ടുളയരുത്.'

അന്ന് ഞങ്ങളുടെ നാട്ടിലെ ചില പിള്ളേരു് പരീക്ഷയ്ക്കു തോററുപോയാലോ, അച്ഛനോ കാരണവന്മാരോ വല്ലതും ശാസിക്കയോ ശകാരിക്കയോ ചെയ്താലോ നാടുവിട്ടുപോകുന്ന ഒരു സമ്പ്രദായമുണ്ട്. ഞാനും അങ്ങിനെ വല്ല വിഡ്ഢിത്തവും കാണിച്ചുകളയുമോ എന്നുള്ള ഭീതിയായിരുന്നമ്മയ്ക്ക്.

അപ്പോൾ ആശാന്റെ കുട്ടിച്ചാത്തൻ എന്റെ അച്ഛനായിരുന്നോ?—ഞാൻ പ്രജ്ഞയററവനെപ്പോലെ പിറുപിറുത്തു.

കുറച്ചു മാസങ്ങൾ കഴിഞ്ഞപ്പോൾ ആശാന്റെ കുട്ടിച്ചാത്തനെക്കുറിച്ച് സംശയംജനിച്ച സുകുമാരനും, പ്രസ് പ്രവർത്തകരായ പെറുപ്പക്കാരും ചേർന്ന് പ്രസ്സ് മുററത്തിട്ട് ആശാനെ കയ്യോടെ പിടിച്ചു. അവർ ആശാന്റെ ഉടുതുണിയഴിച്ച് കോണകത്തിനിടയിൽ തപ്പി. നാലഞ്ച് കൈകൾ ഒന്നിച്ചു പെരുമാറിത്തുടങ്ങിയപ്പോൾ ആശാന് അരിശം വന്നു.

'കുത്തിച്ചിമക്കളേ, എന്റെ മർമ്മത്തിൽ പിടിക്കാതെ, മർമ്മത്തിൽ പിടിക്കാതെ' എന്ന് നിലവിളിച്ചു.

'കോണകത്തിനകത്ത് എന്താണെന്നു നോക്കട്ടെ.'

'കോണകത്തിനകത്ത് എന്റെ അണ്ടി....'

'അത് രണ്ടല്ലേയുള്ളു. ബാക്കി രണ്ടു മൂന്നെണ്ണം പൊന്തിനിൽക്കുന്നല്ലോ. അതെന്താണെന്നു നോക്കട്ടെ.'

ആശാനും അവരും ഒരു സമരം തന്നെ നടത്തി. വായിൽത്തോന്നിയ തെറി മുഴുവനും തിരുവനന്തപുരം ഭാഷയിൽ ആശാൻ വിളിച്ചുപറയുന്നുണ്ട്.

ഒടുവിൽ ആശാന്റെ കോണകത്തിനുള്ളിൽ നിന്നും ഒരു ഓറഞ്ച്, ഒരു പഴുത്ത മാങ്ങ, ഒരു കത്തിരിക്കാ ഇവയൊക്കെയും അവർ കണ്ടെടുത്തു. ഊരിയെടുത്ത ഉടുതുണി അവർ കൊടുത്തില്ല. വെറും കോണകത്തോടെ ആശാൻ അവിടെ നിന്നും തിരിഞ്ഞുനിൽക്കാതെ ഓടി. അതിൽപ്പിന്നെ മരിക്കുന്നതുവരെ അദ്ദേഹം ആ പ്രസ്സ് കാമ്പൗണ്ടിനുള്ളിൽ കാലു കുത്തിയിട്ടില്ല.

അന്നാണ് സുകുമാരനും കൂട്ടർക്കും മനസ്സിലായത്, അന്നുവരെ ആശാന്റെ ചാത്തന്റെ സമ്മാനമായി കിട്ടിയ ഓറഞ്ചും മാങ്ങയുമെല്ലാം ആശാന്റെ ഒരിക്കലും നനയ്ക്കാത്ത കോണകത്തിനുള്ളിൽ ഓരോ പ്രാവശ്യവും ശ്വാസംമുട്ടിക്കിടന്നിരുന്ന പഴവർഗ്ഗങ്ങളായിരുന്നുവെന്ന്.

പക്ഷെ ഞാനിന്നോളവും എനിക്കു പററിയ അമളി അവരെ അറിയിച്ചിട്ടില്ല.

(തുടരും)

അടുത്ത ലക്കത്തിൽ — ടി.വി. നട്ടതെങ്ങ്

ക്യാമറയുടെ പിന്നിൽ മുപ്പതു വർഷങ്ങൾ



1951—ഡിസംബർ ഇരുപത്തി നാലാം തീയതി പതിനാറു് വയസ്സുള്ള ഒരു പയ്യൻ മെരിലാൻറ് സ്റ്റുഡിയോയുടെ ഗേററിനരികിൽ അകത്തേയ്ക്കു് കടക്കാനുള്ള പഴുതും കാത്തു നിന്നു. എന്തെങ്കിലും ഒരു ജോലി സമ്പാദിക്കുകയായിരുന്നു ലക്ഷ്യം. ഒടുവിൽ വാച്ചറുടെ കണ്ണു വെട്ടിച്ചു് ഉള്ളിൽ ചെന്ന ആ ബാലൻ സുബ്രഹ്മണ്യത്തിനെ ചെന്നു കണ്ടു സങ്കടം പറഞ്ഞു. എന്തുകൊണ്ടോ ചെറുക്കന്റെ തരക്കേടില്ലെന്നു് കണ്ടു് സുബ്രഹ്മണ്യം അവനെ ലൈററ് ബോയി ആയി നിന്നുകൊള്ളാനനുവദിച്ചു.

വലിയ ശരീരപുഷ്ടിയൊന്നുമില്ലാതിരുന്ന അവനു് ലൈററ് തൂക്കാനുള്ള ശേഷിയില്ലാതിരുന്നതുകൊണ്ടാണു് ക്യാമറാമാന്റെ സെക്കൻറ് അസിസ്റ്റൻറായി നിൽക്കാൻ അവസരം കിട്ടിയതു്.

ക്യാമറാ റിപ്പോർട്ടെഴുതുക, ഫോക്കസ് ചെയ്യുന്നതിനു മുമ്പു് ക്യാമറയും വസ്തുവും തമ്മിലുള്ള അകലം ടേപ്പുകൊണ്ടളന്നു് തിട്ടപ്പെടുത്തി ഫസ്റ്റു് അസിസ്റ്റൻറിനോടു് പറയുക, ക്യാമറാ തുടച്ചു വൃത്തിയാക്കുക. ഇതൊക്കെയായിരുന്നു ആ ബാലന്റെ ജോലി.

അന്നത്തെ ആ പയ്യനാണു് ഇന്നത്തെ ക്യാമറാമാൻ വി. കരുണാകരൻ. ഇപ്പോൾ ധാരാളം ചിത്രങ്ങളുടെ ഛായാഗ്രാഹകനായി പ്രവർത്തിച്ചു് നല്ലൊരു ക്യാമറാമാൻ എന്ന പേരു സമ്പാദിച്ച കരുണാകരനു് പഴയ കാര്യങ്ങളോർമ്മിക്കുന്നതിനോ താൻ കടന്നുവന്ന ദുഷ്കരമായ വഴിയെപ്പററി പറയുന്നതിനോ യാതൊരു മടിയുമില്ല.

കരുണാകരൻ ആർജ്ജിച്ച പ്രവർത്തന പരിചയവും, അദ്ദേഹത്തിനുള്ള കഴിവും കണക്കിലെടുക്കുമ്പോൾ, ആ ക്യാമറാമാനു് അർഹിക്കുന്ന അവസരങ്ങൾ ഇനിയും ലഭിച്ചില്ലല്ലോ എന്നോർത്തുപോകാനാണു് സാദ്ധ്യത.

വി. രാമമൂർത്തിയുടെ സെക്കൻറ് അസിസ്റ്റൻറായിട്ടാണു് കരുണാകരൻ മെരിലാൻറിൽ കൂടുന്നതു്. ആ വർഷം സത്യൻ, കുമാരി തങ്കം തുടങ്ങിയവരഭിനയിച്ച 'ആത്മസഖി' എന്ന ചിത്രം പൂർത്തിയാക്കിയതോടെ പുതുതായി ജോലിക്കെടുത്തവരെയെല്ലാം സുബ്രഹ്മണ്യം പിരിച്ചുവിട്ടു. അക്കൂട്ടത്തിൽ കരുണാകരനും ഉണ്ടായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. എങ്ങിനെ കഷ്ടപ്പെട്ടാലും ഈ ജോലിയിൽ മുന്നേറണമെന്ന ആഗ്രഹമുണ്ടായിരുന്ന കരുണാകരൻ ഒടുവിൽ തനിക്കു് ശമ്പളം വേണ്ടെന്നും എന്തു ജോലി ചെയ്യാനും മടിയില്ലെന്നും അപേക്ഷിച്ചതുകൊണ്ടാണു് സുബ്രഹ്മണ്യം വീണ്ടും ജോലി കൊടുത്തതു്. ശമ്പളമില്ലാതിരുന്നിട്ടും ചുറുചുറുക്കോടെ ജോലി ചെയ്ത കരുണാകരനെ സുബ്രഹ്മണ്യത്തിനിഷ്ടമായി. അങ്ങിനെ പിന്നീടു് അദ്ദേഹം കരുണാകരനു് ശമ്പളം നൽകി. പൊൻകതിർ, എന്ന ചിത്രം വരെ സെക്കൻറ് അസിസ്റ്റൻറായിരുന്ന കരുണാകരൻ ഫസ്റ്റ് അസിസ്റ്റൻറാകുന്നതു് അവകാശി എന്ന ചിത്രത്തോടെയാണു്. എൻ. എസ്. മണിയായിരുന്നു അതിന്റെ ക്യാമറാമാൻ.

എൻ. എസ്. മണിയാണു് യഥാർത്ഥത്തിൽ തന്റെ ഗുരുനാഥൻ എന്നു് കരുണാകരൻ പറയുന്നു. അദ്ദേഹത്തിൽ നിന്നുമാണു് കരുണാകരൻ പല 'ടെക്നിക്കുകളും' വശമാക്കിയതു്. യു. രാജഗോപാലിനോടും കരുണാകരനു് വലിയ കടപ്പാടുണ്ടു്. മെരിലാൻറിന്റെ പതിനാറാമതു് ചിത്രമായ 'കലയും കാമിനിയും' പൂർത്തിയായതോടെ എൻ. എസ്. മണി അവിടെ നിന്നും പിരിഞ്ഞു. പിന്നീടു് മെരിലാൻറ് ചിത്രങ്ങൾക്കുവേണ്ടി ക്യാമറാ ചലിപ്പിച്ച ഇ. എൻ. സി. നായർ, ജി. കെ. രാമു, മസ്താൻ, യു. രാജഗോപാൽ, പുരുഷോത്തമൻ, കണ്ണപ്പൻ, ഇ. എൻ. ബാലകൃഷ്ണൻ എന്നീ ക്യാമറാമാന്മാരോടൊപ്പം കരുണാകരൻ പ്രവർത്തിച്ചു.

ഇവരിൽ പലരും പടം പൂർത്തിയാകും മുമ്പു് പോകുക പതിവായിരുന്നു. ചിത്രത്തിന്റെ ബാക്കി പണി ചെയ്യാനുള്ള അവസരം അങ്ങിനെ കരുണാകരനുണ്ടാകും. അതു് ആ ക്യാമറാമാനെ സംബന്ധിച്ചിടത്തോളം ഒരനുഗ്രഹമായി തീർന്നു.

മെരിലാൻറിന്റെ സ്വാമി അയ്യപ്പന്റെ ക്യാമറാമാൻ കരുണാകരനായിരുന്നു. ഛായാഗ്രഹണ സംവിധാനം മസ്താനും.

1974—ൽ കരുണാകരൻ മെരിലാൻറിൽ നിന്നും പിരിഞ്ഞു. മധുവിന്റെ അസ്തമയം, ശുദ്ധികലശം, പ്രഭാതസന്ധ്യ എന്നീ ചിത്രങ്ങളുടെ ഛായാഗ്രാഹകനാകാൻ കരുണാകരനവസരം ലഭിച്ചു. ശ്രീകുമാരൻ തമ്പിയുടെ ജീവിതം ഒരു ഗാനം, ആക്രമണം എന്നീ ചിത്രങ്ങളുടെ ഛായാഗ്രാഹകൻ എന്ന ബഹുമതിയും കരുണാകരനിൽ ചെന്നു ചേരുന്നു. താളം മനസ്സിന്റെ താളം എന്ന ചിത്രത്തിന്റെ ക്യാമറാമാനും കരുണാകരൻ തന്നെയായിരുന്നു.

ഇപ്പോൾ മധുവിന്റെ ഏഴുനില മാളിക എന്ന ചിത്രത്തിന്റെ ക്യാമറാമാനും കരുണാകരൻ തന്നെ. എം. കൃഷ്ണൻ നായരാണതിന്റെ സംവിധായകൻ. യാതൊരു മടിയുമില്ലാതെ തനിക്കവസരം തന്ന മധു, ശ്രീകുമാരൻതമ്പി എന്നിവരെ കരുണാകരൻ കൃതജ്ഞതയോടെ ഓർക്കുന്നു.

ഇത്രയൊക്കെയായിട്ടും, അംഗീകാരവും, കൂടുതൽ അവസരങ്ങളും ഇന്നും കരുണാകരനിൽ നിന്നകലെയാണു്. ഒരു പക്ഷേ മുപ്പതു് വർഷക്കാലത്തോളം ക്യാമറാമാനായി പരിചയിച്ച മറെറാരു മലയാളി ഉണ്ടാവുമോ എന്നു സംശയമാണു്. പിടിച്ചു പററാനുള്ള പ്രത്യേക അടവുകളോ, ആളുകളെ സ്വാധീനിക്കാനുള്ള വഴികളോ കരുണാകരനറിയില്ല. സിനിമാ രംഗത്തു് ചില ക്ലിക്കുകളിലും, ഗ്രൂപ്പുകളിലും പെടുന്നവർക്കാണു് മുൻഗണന കിട്ടാറുള്ളതെന്ന കാര്യം ഒരു പക്ഷേ ഈ ഛായാഗ്രാഹകൻ മനസ്സിലാക്കിയിട്ടുണ്ടാവില്ല.

സാങ്കേതിക വശങ്ങളിലുള്ള അഗാധമായ അറിവും, പ്രവർത്തന പരിചയവും, ജോലിയിൽ വേഗതയുമൊക്കെ കരുണാകരനിലുള്ള ഗുണവിശേഷങ്ങളാണു്. മലയാള കോമേഴ്സ്യൽ സിനിമയ്ക്കു് ഏറെ പ്രയോജനകരമായി ഉപയോഗപ്പെടുത്താവുന്ന കലാകാരനാണു് കരുണാകരൻ. എന്നാൽ അർഹിക്കുന്ന അംഗീകാരം ഇനിയും അദ്ദേഹത്തിനു ലഭിച്ചിട്ടില്ല. തന്റെ 'കാലം' ഇനിയും വരാനിരിക്കുന്നതേ ഉള്ളു എന്ന ശുഭാപ്തി വിശ്വാസം ഇപ്പോഴും കരുണാകരനെ നയിക്കുന്നു. അങ്ങിനെയൊരു കാലമുണ്ടായാൽ കരുണാകരനും, നമ്മുടെ സിനിമയ്ക്കും അതു് ഒരുപോലെ ഗുണം ചെയ്യാതിരിക്കുകയില്ല.

—എസ്സാർ

പുന്നപ്ര അപ്പച്ചൻ

ചലച്ചിത്ര രംഗത്ത് ഒരപ്പച്ചൻ നേരത്തേ ഉണ്ട്. ഈയിടെ മറ്റൊരപ്പച്ചൻ കൂടി കടന്നു വന്നു. ചാമരം, രക്തം എന്നീ ചിത്രങ്ങളുടെ നിർമ്മാതാവായ അപ്പച്ചൻ. ഈ രണ്ടപ്പച്ചന്മാരെപ്പറ്റിയുമല്ല ഇവിടെ പറയുന്നത്. പുന്നപ്ര അപ്പച്ചൻ എന്ന് മൂന്നാമതൊരാൾ സിനിമാരംഗത്തുണ്ട്. ആദ്യത്തെ അപ്പച്ചനായ നവോദയാ അപ്പച്ചനെപ്പോലെ മലയാള സിനിമയുമായി വർഷങ്ങൾക്ക് മുമ്പ് ബന്ധപ്പെട്ട ആളാണ് പുന്നപ്ര അപ്പച്ചൻ.

പുന്നപ്ര അപ്പച്ചൻ എന്ന നടനെ സിനിമാപ്രേക്ഷകർ മറക്കാനിടയില്ല. അവരുടെ ഓർമ്മകളിലെവിടെയെങ്കിലും ആ രൂപം കാണുക തന്നെ ചെയ്യും. കാരണം ഡസൻ കണക്കിനു ചിത്രങ്ങളിൽ പുന്നപ്ര അപ്പച്ചൻ അഭിനയിച്ചിട്ടുണ്ട്. അവയിൽ പലതും പ്രദർശന വിജയം നേടിയ ചിത്രങ്ങളുമാണ്.

പുന്നപ്ര അപ്പച്ചൻ എന്ന നടന്റെ ചരിത്രം കൗതുകമുളവാക്കുന്നതാണ്. എല്ലാ കലാകാരന്മാരേയുംപോലെ അവസരങ്ങൾക്കായി ത്യാഗങ്ങൾ സഹിച്ച്, പടിവാതിലുകൾ തോറും കയറി ഇറങ്ങാനൊന്നും ആ നടൻ തയ്യാറായിരുന്നില്ല. എന്നാൽ കലയോടുള്ള അടങ്ങാത്ത അഭിനിവേശവും ഈ രംഗത്ത് എന്തെങ്കിലും ഒന്നായിത്തീരണം എന്ന വാശിയും കൊണ്ട് അപ്പച്ചൻ ചിലതൊക്കെ ചെയ്തു.

വീട്ടിൽ വലിയ സാമ്പത്തിക കഴപ്പങ്ങളൊന്നുമില്ലാതിരുന്നതുകൊണ്ട് അല്പമൊക്കെ കറങ്ങി നടക്കാനും, കലാസേവനത്തിനു സമയം വിനിയോഗിക്കാനും അപ്പച്ചന് വലിയ ബുദ്ധിമുട്ടൊന്നുമുണ്ടായില്ല.

ഇപ്പോൾ കോൺട്രാക്ട് വർക്കുകൾ ഏറ്റെടുത്തു നടത്തുന്ന അപ്പച്ചൻ റേഷൻകട ഉടമകൂടിയാണ്. ഇതിനിടയിലാണ് സിനിമാഭിനയം.

പുന്നപ്രയിൽ ജനിച്ച അപ്പച്ചന് ആലപ്പുഴ ഉദയാ സ്റ്റുഡിയോ അത്ര അകലെയൊന്നുമല്ലല്ലോ. അതു തന്നെയാണ് അപ്പച്ചനനുകൂലമായ ഒരു സാഹചര്യം സൃഷ്ടിച്ചെടുത്തതും.

1968-ൽ സത്യൻ നായകനായഭിനയിച്ച 'ഒതേനന്റെ മകൻ' എന്ന ചിത്രത്തിലാണ് പുന്നപ്ര അപ്പച്ചൻ ആദ്യമായി മുഖം കാണിച്ചത്. അന്നു സത്യനുമായി സംസാരിക്കുന്ന ഒരു ചെറിയ സീനിൽ അഭിനയിച്ചു.

പിന്നീട് നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി, കന്യാകുമാരി, അനുഭവങ്ങൾ പാളിച്ചകൾ, ഏണിപ്പടികൾ, അച്ചാരം അമ്മിണി ഓശാരം ഓമന, മുത്തുച്ചിപ്പികൾ, ശക്തി, ഓപ്പോൾ, അധികാരം, ധന്യ തുടങ്ങിയ നാല്പതിലധികം ചിത്രങ്ങളിൽ അഭിനയിച്ചു.

കുഞ്ചാക്കോയുമായി സൗഹൃദബന്ധം പുലർത്തിയിരുന്ന അപ്പച്ചന് ഉദയാ ചിത്രങ്ങളിൽ പലതിലും അഭിനയിക്കാൻ അവസരം ലഭിച്ചിരുന്നു.

ഒരു വില്ലന്റെ എല്ലാ രൂപഭാവങ്ങളും അപ്പച്ചനോടിണങ്ങി നില്കുന്നു. ആ നടന്റെ കൊമ്പൻമീശയും, ശരീരഘടനയും മുഖഗാംഭീര്യവുമെല്ലാം ഒരു വില്ലനു യോജിച്ചതു തന്നെ.

ഏതു വേഷത്തിൽ അഭിനയിക്കാനും തനിക്കു സന്തോഷമേ ഉള്ളു എന്ന് അപ്പച്ചൻ പറയുന്നു. എന്നാൽ ഭൂരിഭാഗം ചിത്രങ്ങളിലും, റൗഡിസം കാണിക്കാനും ബലാൽസംഗം ചെയ്യാനുമാണ് അപ്പച്ചനവസരം ലഭിക്കുന്നത്.

കലയോടുള്ള സ്നേഹവും, അഭിനയിക്കാനുള്ള ആവേശവും കൊണ്ടു മാത്രം സിനിമാഭിനയം ഒരു സൈഡ് ബിസിനസ്സ് ആക്കിയിരിക്കുന്ന അപ്പച്ചന് അതെപ്പറ്റി ഇങ്ങിനെ പറയുന്നു:

'എന്നിലെവിടെയോ ഉറങ്ങു കിടക്കുന്ന കലാഹൃദയമായിരിക്കും അഭിനയിക്കാൻ എന്നെ പ്രേരിപ്പിക്കുന്നത്. ഈ രംഗത്തോടുള്ള എന്റെ അമിതമായ താല്പര്യത്തിനും അതു തന്നെയാണു കാരണം. ആത്മസംതൃപ്തിക്കു വേണ്ടി മാത്രമാണ് ഞാനഭിനയിക്കുന്നത്. ചെറിയ വേഷങ്ങളിലാണ് പ്രത്യക്ഷപ്പെടുന്നതെങ്കിലും, ആ ചിത്രങ്ങൾ കണ്ടു പലരും അതു നന്നായിരുന്നു, ഇതു നന്നായിരുന്നു എന്നു പറഞ്ഞഭിനന്ദിക്കുമ്പോൾ, എത്ര സന്തോഷമാണെന്നോ, അതു കേൾക്കുമ്പോഴുണ്ടാകുന്ന സുഖം, മറ്റൊരു വിധേനയും ലഭിക്കുക. എനിക്കതു മാത്രം മതി.'


ഏതു റോളും അനായാസമായി കൈകാര്യം ചെയ്യാനുള്ള കഴിവും, ആത്മവിശ്വാസവും പുന്നപ്ര അപ്പച്ചനുണ്ട്. എന്നാൽ ഇനിയും വേണ്ടത്ര നല്ല അവസരങ്ങൾ അപ്പച്ചന് ലഭിച്ചിട്ടില്ലെന്ന് വേദനം പറയാൻ. വില്ലൻ വേഷങ്ങൾക്കും മറ്റും അന്യഭാഷാ നടന്മാരേപ്പോലും കടമെടുക്കുന്ന നമ്മുടെ സിനിമാരംഗം പുന്നപ്ര അപ്പച്ചനെ കണ്ടില്ലെന്നു നടിക്കുകയാണോ?

വേണ്ടത്ര അസരങ്ങൾ ലഭിച്ചാൽ അനായാസമായി ഉയരാൻ കഴിവുള്ള നടനാണ് പുന്നപ്ര അപ്പച്ചൻ. ഭാര്യയും കുടുംബക്കാരുമൊക്കെയായി പുന്നപ്രയിൽ കുടുംബജീവിതം നയിക്കുന്ന അപ്പച്ചന് ഒരു 'ഫുൾടൈം' സിനിമാക്കാരനാകാൻ കഴിഞ്ഞിട്ടില്ല എന്നതു് വാസ്തവമാണ്. എന്നാൽ അതു് ആ നടനെ വേണ്ടത്ര ശ്രദ്ധിക്കപ്പെടാത്തതിനു് ഒരു ന്യായീകരണമല്ലല്ലോ?


ഇപ്പോൾ നിർമ്മിച്ചു കൊണ്ടിരിക്കുന്ന വിഷം എന്ന ടെക്നോവിഷൻ ചിത്രത്തിൽ അപ്പച്ചൻ അഭിനയിക്കുന്നുണ്ട്. മററു പല മലയാള ചിത്രങ്ങളിലും ഈ നടൻ അപ്രധാനമല്ലാത്ത വേഷങ്ങളിൽ അഭിനയിച്ചുകൊണ്ടിരിക്കുന്നു. അവയൊക്കെ പുറത്തിറങ്ങുമ്പോഴേയ്ക്കും അപ്പച്ചൻ ഒരു പക്ഷേ മലയാള സിനിമയ്ക്ക് അവഗണിക്കാനാവാത്ത ഒരു നടനായി ഉയർന്നുകൂടെന്നില്ല.

—എസ്സാർ

ഫോക്കസ്



കുഞ്ഞു ജനിക്കുന്നതു് 3 മാസത്തേയ്ക്കുള്ള ഇരുമ്പുസത്തു സഹിതമാണ്



മൂന്നു മാസം കഴിഞ്ഞാൽ അവന് ആവശ്യമായ ഇരുമ്പുസത്ത് പാലിൽനിന്നു മാത്രം ലഭിക്കുന്നില്ല

അവന് ഇരുമ്പുസത്ത് ധാരാളമുള്ള

ഫാരെക്സ്

കൊടുക്കുക

"കുഞ്ഞു ജനിക്കുന്നതു് അമ്മയിൽ നിന്നു് സുലഭമായി ലഭിക്കുന്ന ഇരുമ്പുസത്തോടെയാണു്. എന്നാൽ ജനനത്തിനു ശേഷം ഇതു് ക്രമേണ കുറഞ്ഞുവരുന്നു. പാൽ ഒരു നല്ല ആഹാരമാണെങ്കിലും അതിൽ ഇരുമ്പുസത്തു് കുറവായതിനാൽ ഒരു സമ്പൂർണ്ണാഹാരമാകുന്നില്ല. അതുകൊണ്ടാണു് അവനു് ഇരുമ്പുസത്തു് അടങ്ങിയിട്ടുള്ള കട്ടി ആഹാരം ആവശ്യമായിരിക്കുന്നതു്".

ഡോ. സുബാഷ് സി. ആര്യ: "ഇൻഫൻറ് & ചൈൽഡ്കെയാർ ഫോർ ദി ഇൻഡ്യൻ മദർ".

മൂന്നു മാസത്തിനുശേഷം, അവൻെറ രക്തത്തിനും രോഗ ബാധയെ തടുക്കുവാനും, പൊതുവായ ആരോഗ്യത്തിനും വളർച്ചയ്ക്കും വികാസത്തിനും അത്യന്താപേക്ഷിതമായ ഇരുമ്പുസത്തു് അടങ്ങിയിട്ടുള്ള കട്ടി ആഹാരം അവനു കൊടുത്തു തുടങ്ങുക.

എന്തുകൊണ്ടാണു് ഡോക്ടർമാർ ഫാരെക്സ് ശുപാർശ ചെയ്യുന്നതു്?


കട്ടിയായ ആഹാരം കഴിച്ചു തുടങ്ങുന്ന കുഞ്ഞിനു വേണ്ടി പ്രത്യേകം തയ്യാറാക്കിയ ഒരാഹാരമാണു് ഫാരെക്സ്. നിങ്ങളുടെ കുഞ്ഞിൻെറ ഇളം ദഹനത്തിനു വേണ്ടി പാകപ്പെടുത്തിയ ആഹാരം. ശീഘ്ര വളർച്ചക്കു് വേണ്ട പ്രോട്ടീനുകൾ, ശക്തി നൽകുന്ന കാർബോഹൈഡ്രേറ്റുകളും, കൊഴുപ്പുകളും, ബലിഷ്ഠമായ എല്ലുകൾക്കും ശക്തിയേറിയ പല്ലുകൾക്കും വേണ്ട കാൽഷിയം, ഫോസ്ഫറസ്, വിററാമിനുകൾ എന്നിവയും ഫാരെക്സിലുണ്ടു്. അതിനാൽ ഫാരെക്സ് കൊടുക്കുമ്പോൾ നിങ്ങളുടെ കുഞ്ഞിനു് കൂടുതൽ പൂരിതരൂപത്തിൽ കലോറീസ് ലഭിക്കുന്നു. ഇതു മൂലം ദ്രാവകവസ്തുക്കൾ കഴിക്കുന്നതു് കുറക്കാനും, ചവക്കുന്നതു് പഠിക്കുവാനും അവനു് കഴിയും. സർവ്വോപരി അവൻെറ പൊതുവേയുള്ള ആരോഗ്യത്തിനും വളർച്ചയ്ക്കും ഏററവും ആവശ്യമായ ഇരുമ്പ്സത്തു് ഫാരെക്സിൽ ധാരാളം അടങ്ങിയിരിക്കുന്നു.





ഡോക്ടർമാർ ശുപാർശ ചെയ്യുന്നതു് ഫാരെക്സ്
കുഞ്ഞിന്റെ വേഗത്തിലുള്ള സമ്പൂർണ്ണ വളർച്ചയ്ക്കു വേണ്ട ഉത്തമ കട്ടി ആഹാരം

CASGLF-30-244 Mal



അച്ഛനും മകനും

'ഇനി എൻെറ മകനെ ഞാൻ സിനിമയിലഭിനയിക്കാൻ വിടില്ല. ആ കാശെനിക്കു വേണ്ട....'

ഇതൊരു ബാലനടൻെറ പിതാവിൻെറ വാക്കുകളാണ്. ബാലനടൻ പ്രശസ്തനാണ്. 'മാസ്റ്റർ കമൽ.' സായൂജ്യം, ആവേശം, തീനാളങ്ങൾ, ഓർമ്മകളേ വിട തരൂ, കരിമ്പന തുടങ്ങിയ ചിത്രങ്ങളിലൊക്കെ കമൽ വേഷമിട്ടിട്ടുണ്ട്. മാസ്റ്റർ കമലിൻെറ പിതാവ് ചവറ വി. പി. നായർ. ഇദ്ദേഹവും ഒരു നടനാണ്. പാരമ്പര്യമുള്ള ഒരു നാടകനടൻ. കൂടാതെ ധാരാളം സിനിമകളിലും അഭിനയിച്ചിട്ടുണ്ട്.

മകൻ സിനിമയിലഭിനയിച്ചാൽ നല്ല പ്രതിഫലം കിട്ടുമെങ്കിലും ആ പിതാവിനതിൽ താല്പര്യമില്ല. കാരണമുണ്ട്. ഇതൊരു ജീവന്മരണ പോരാട്ടമാണെന്നാണ് വി. പി. നായർ പറയുന്നത്. മകനെ സിനിമയിലഭിനയിപ്പിച്ചതിൻെറ പേരിൽ അങ്ങനെ ഒരനുഭവമാണ് അദ്ദേഹത്തിനുണ്ടായത്. ആ അനുഭവങ്ങൾ അദ്ദേഹം ഓർക്കുന്നതു പോലും ഭയപ്പാടോടെയാണ്.


മാസ്റ്റർ കമൽ, ആവേശം എന്ന ചിത്രത്തിലഭിനയിച്ചപ്പോഴുണ്ടായ ഒരനുഭവം ഇപ്പോഴും ആ പിതാവ് ഉള്ളിടിലത്തോടെയാണോർക്കുന്നത്.

അവസാനരംഗം ചിത്രീകരിക്കുകയാണ്. ഒരു വലിയ വനത്തിനു നടുവിലുള്ള ഒരു നദിയിൽ— ചൂരൽ കൊണ്ടു നെയ്ത ഒരു വലിയ കുട്ടയിൽ മാസ്റ്റർ കമലിനെ ഇരുത്തി വെള്ളച്ചാട്ടത്തിലേയ്ക്ക് ഒഴുക്കിവിടുന്നു. വില്ലന്മാർ അങ്ങനെ ചെയ്യുമ്പോൾ നായകൻ വന്നു രക്ഷിക്കണം. ഇതാണ് ചിത്രീകരിക്കേണ്ടത്. കുട്ടിയേയും വഹിച്ചുകൊണ്ടു കുട്ട വലിയ ഒഴുക്കിലൂടെ ഒഴുകി. കരയിൽ നിന്ന് ആ രംഗങ്ങൾ ക്യാമറാമാൻ ഫിലിമിൽ പകർത്തുന്നു. വി. പി. നായരും നോക്കിനില്ക്കുകയാണ്. പെട്ടെന്ന് അദ്ദേഹത്തിനെന്തോ പന്തികേടു തോന്നി. കമൽ കയ്യെടുത്തു കാണിച്ച് നിലവിളിക്കുന്നു. കുട്ട ഒരു വലിയ വെള്ളച്ചാട്ടത്തിനടുത്തേയ്ക്കു പായുകയാണ്. അവസാനം എല്ലാവരും നോക്കിനില്ക്കേ അതൊരു പാറയിൽ തട്ടി മറിഞ്ഞു. കമൽ വെള്ളത്തിലൂടെ ഒഴുകിപ്പോയി. പിതാവിന് എന്തു ചെയ്യണമെന്നറിയില്ല. അദ്ദേഹം ഓർമ്മ നശിച്ചവനെപ്പോലെ നിലവിളിച്ചുകൊണ്ട് നിലത്തിരുന്നുപോയി....

ആരുടേയോ ഭാഗ്യം കൊണ്ട് കരയിൽ ഇതു കണ്ടുനിന്ന ഒരു കാട്ടുജാതിക്കാരൻ വെള്ളത്തിൽ ചാടി കുട്ടിയെ രക്ഷപ്പെടുത്തിയിരുന്നു.

രണ്ടാമത്തെ അനുഭവം, ഓർമ്മകളേ വിട തരൂ എന്ന ചിത്രത്തിലഭിനയിക്കുമ്പോഴാണുണ്ടായത്. മഹാബലിപുരത്തായിരുന്നു ചിത്രീകരണം. മാസ്റ്റർ കമൽ ഒരു പാറക്കെട്ടിൻെറ മുകളിൽ നിന്ന് ആരേയോ നോക്കി എന്തോ പറഞ്ഞുകൊണ്ട് പിറകോട്ടു നടക്കുന്ന രംഗമാണ് ചിത്രീകരിച്ചത്. സംവിധായകൻ നിർദ്ദേശം നല്കി. കുട്ടി കയ്യെടുത്ത് എന്തോ പറഞ്ഞുകൊണ്ട് പിറകോട്ടു നടക്കാൻ തുടങ്ങി. കുറെ നടന്നിട്ടും സംവിധായകൻ 'കട്ട്' പറയുന്നില്ല. പയ്യൻ പാറയുടെ വിളുമ്പിലേയ്ക്ക് നടക്കുകയാണ്. പിറകോട്ടാണല്ലോ നടക്കുന്നത്. നിമിഷങ്ങൾക്കകം നിലം പതിക്കും. പെട്ടെന്ന് സംഗതി മനസ്സിലാക്കിയ വി. പി. നായർ എന്തോ വെളിപാടുണ്ടായതുപോലെ പാറക്കെട്ടിനു പിറകിലേയ്ക്ക് ഓടി. അവിടെ ചെന്നതും മകൻ നിലംപതിച്ചതും ഒരുമിച്ചായിരുന്നു. ആ പിതാവിൻെറ കൈകളിലാണ് മകൻ ചെന്നുവീണത്. അതുകൊണ്ടു രക്ഷപ്പെട്ടു. ആ സംഭവത്തോടെ നായർ ഭയന്നുപോയി. ഇങ്ങനെ ജീവൻ പണയംവച്ചുള്ള കളികൾക്ക് തൻെറ മകനെ കരുവാക്കാൻ ഇനി ഉദ്ദേശമില്ലെന്നാണ് അദ്ദേഹം പറയുന്നത്. എന്തായാലും അതിനുശേഷം മാസ്റ്റർ കമൽ ഒരു ചിത്രത്തിലും അഭിനയിച്ചിട്ടില്ല.

—





വായനക്കാരുടെ പേജ്

വർഷങ്ങളുടെ തിരശ്ശീലയ്ക്ക് പിന്നിൽ ഇന്നും മിന്നിത്തിളങ്ങുന്ന ഒരു മലയാള ചിത്രം

സെപ്റ്റംബർ ഇരുപതാം തീയതിയിലെ നാനയിൽ തിക്കുറിശ്ശി സുകുമാരൻനായരുടെ ഒളിവില്ലാത്ത ഓർമ്മകൾ എന്ന ലേഖനം വായിച്ചപ്പോൾ ഇന്നും എന്റെ ഓർമ്മയിൽ നില്ക്കുന്ന ചില കാര്യങ്ങൾ കുറിക്കണമെന്നു തോന്നി. ആദ്യമേതന്നെ ചിത്രത്തിന്റെ പേരു പറയാതെ ഒരു മലയാള ചിത്രത്തെക്കുറിച്ച്, ഇത്രയേറെ കാര്യങ്ങൾകൊണ്ട് അദ്ദേഹം പറഞ്ഞുവരുന്ന ഈ ചിത്രം ജീവിതനൗക തന്നെയായിരിക്കണം. ഞാനൂഹിച്ചു. വായിച്ചു പോന്നപ്പോൾ എന്റെ ഊഹം ശരി തന്നെ. ജീവിതനൗകയെന്ന ചിത്രം ചിലർ നൂറുപ്രാവശ്യം കണ്ടിട്ടുണ്ടെങ്കിൽ ആ ചിത്രത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് അന്നത്തെ കാലത്ത് അതിൽ യാതൊരു സംശയത്തിനും വകയില്ല. എനിക്ക് അന്ന് കഷ്ടിച്ച് പതിമൂന്നോ പതിനാലോ വയസ്സേ പ്രായമേയുള്ളു. ഞാനാദ്യമായി ജീവിതനൗക കണ്ടതു് എറണാകുളം മേനകയിലാണ്. എട്ടോ പത്തോ പ്രാവശ്യമെങ്കിലും മേനകയിൽതന്നെ ആ പടം കണ്ടിട്ടുണ്ട്. അതും ഇന്നത്തെപ്പോലെ യാത്രാ സൗകര്യങ്ങളൊന്നും ഇല്ലാത്ത അന്ന്, കുട്ടികളായ ഞങ്ങൾ നാലഞ്ചുനാഴിക അകലെയുള്ള വട്ടതലയിൽനിന്ന് നടന്നാണ് തീയേറ്ററിലെത്തുന്നതു്. വീട്ടുകാരറിയാതെയാണ് പോരുന്നതു്. അറിഞ്ഞാൽ ചിലപ്പോൾ വിട്ടെന്നുവരില്ല. ജീവിതനൗക കാണാൻവേണ്ടി ടിക്കറ്റെടുക്കാൻ നിന്നിട്ടുള്ള ചില രംഗങ്ങൾ സാഹസം തന്നെയായിരുന്നുവെന്നു തോന്നിപ്പോകുന്നു. പിന്നീട് എത്രാണ്ട് അതേ കാലയളവിൽ തന്നെ പച്ചാളം പാലാരിവട്ടം ഇങ്ങനെ പല തീയേററുകളിലായി നാല്പതിൽപരം പ്രാവശ്യം ഞാൻ ജീവിതനൗക കണ്ടിട്ടുണ്ട്. ആസ്വാദനജ്ഞാനംപോലുമില്ലാത്ത കുട്ടികളായ ഞങ്ങൾക്കന്ന് ജീവിതനൗക കാണുകയെന്നു പറഞ്ഞാൽ ഇതിൽപരം ഒരാഹ്ലാദം വേറെയില്ലാ. പിന്നെ മുതിർന്നവരുടെ കാര്യം പറയാനുണ്ടോ. അന്നു ചങ്ങമ്പുഴ കവിതകൾ സ്ഥാനം പിടിച്ചിരുന്ന അധരങ്ങളിലും ഇതിനകം ജീവിതനൗകയിലെ ആനത്തലയോളം എന്ന ഗാനം സർവ്വസാധാരണയായി മാറി.

ചേട്ടാ നിങ്ങളെല്ലാവരും ഉണ്ട് കൈകഴുകുന്ന എച്ചിൽ ചോറ് മതിയായിരുന്നല്ലോ എന്റെ കുഞ്ഞിനൊരു നേരത്തെ വിശപ്പടക്കാൻ. നായകൻ ഗോപി (തിക്കുറിശ്ശി) ജേഷ്ഠൻ രാജു (കുഞ്ഞു് കുഞ്ഞു് ഭാഗവതർ) വിനോട് ചോദിക്കുന്ന ആ രംഗം ഏതൊരു കഠിനഹൃദയത്തേയും അലിയിക്കാതിരിക്കില്ല. ബി. എസ്. സരോജയുടെ നായിക ലക്ഷ്മിയും ഇന്നും ജനഹൃദയങ്ങളിൽ സ്മരണീയമായ ഒരു കഥാപാത്രമാണ്. പങ്കജവല്ലിയുടെ ആ കഥാപാത്രത്തിന്റെ പേരോർക്കുന്നില്ലെങ്കിലും ആ കഥാപാത്രത്തെ പററി തീയേററിൽ നിന്നു പുറത്തിറങ്ങുമ്പോൾ ചില അമ്മമാരും അമ്മൂമ്മമാരും പറയുന്നതു് കേട്ടിട്ടുണ്ട്. എന്നാലും അവളെപ്പോലിത്ര ദുഷ്ട ആ കൊച്ചിനെങ്കിലും ഇത്തിരി കഞ്ഞി കൊടുക്കാത്ത പരദുഷ്ട നായകനും നായികയും പ്രേക്ഷകരുടെ സ്നേഹ സഹതാപങ്ങൾ പിടിച്ചുപററിയ രണ്ടു കഥാപാത്രങ്ങൾ. ഗോപിയും ലക്ഷ്മിയും ആ കഥാപാത്രങ്ങൾ അന്നത്തെപ്പോലെ ഇന്നും മനസ്സിൽ തങ്ങിനില്ക്കുന്നു.

ആനത്തലയോളം വെണ്ണതരാമെടാ
ആനന്ദ ശ്രീകൃഷ്ണാ വാ മുറുക്ക്.

എന്ന ഗാനം കേൾക്കുമ്പോഴൊക്കെ എസ്. പി. പിള്ളയുടെ ആ കഥാപാത്രത്തെ സ്മരിക്കാത്തവർ ചുരുക്കമായിരിക്കും. പ്രായം തനിക്കൊരു പ്രശ്നമല്ലെന്ന ഭാവത്തിൽ പെണ്ണ് കാണാനുള്ള തിടുക്കത്തിൽ കുളി കഴിഞ്ഞ് വന്ന് തോർത്ത് പോലും മാറാൻ മറന്ന് കാറിൽ കയറിയിരിക്കുന്ന ആ രംഗം നാണക്കുട്ടന്റെ ആ കഥാപാത്രത്തെ ഓർക്കുമ്പോൾ ചുണ്ടിൽ ചിരിയൂറിവരും. നാല്പതു് വയസ്സിനു് മേൽ പ്രായമുള്ള ഏതൊരു മലയാളി ഹൃദയത്തിലും ജീവിതനൗകയെന്ന മലയാള സിനിമയും അതിലെ കഥാപാത്രങ്ങളും ഇന്നും പച്ചപിടിച്ചു നില്പുണ്ടാകും. ജീവിതനൗകയിലെ നടീനടന്മാരുടെ കൂട്ടത്തിൽ ഇന്നും പേരുപറയാൻ വെള്ളിത്തിരയിലുണ്ടെങ്കിൽ ശ്രീ: തിക്കുറിശ്ശി സുകുമാരൻ നായർ മാത്രമേയുള്ളു. ജീവിതനൗകയിലെ ഗാനങ്ങളുടേയും കവിതകളുടേയും രചയിതാവ് ശ്രീ. തിക്കുറിശ്ശി സുകുമാരൻനായർ തന്നെയാണെന്നാണ് എന്റെ അറിവ്. ഇന്നും ആ ചിത്രത്തിലെ ചില കവിതാശകലങ്ങൾ മനസ്സിൽ നിന്നു് അധരങ്ങളിലോടിയെത്താറുണ്ട്.

എന്തും വിധിക്കട്ടെ ലോകം മമ പ്രേമ ബന്ധത്തിൽ ഞാനതിൽ ഭീരുവല്ല.

അത്രയ്ക്കു മേലെന്റെ ജീവിതത്തു—
കളി—
ലൊട്ടിപ്പിടിച്ചുപോയോമനേ നീ.

ജീവിതനൗക കണ്ടനാൾ മുതൽ തിക്കുറിശ്ശി സുകുമാരൻനായരെ ഒന്നു നേരിൽ കാണാനുള്ള ആഗ്രഹം വളരെനാൾ മനസ്സിൽ ചുമന്നുകൊണ്ടു നടന്നു. പക്ഷേ പല നടന്മാരേയും അതിനുശേഷം പല സ്ഥലങ്ങളിൽ വച്ചു കണ്ടിട്ടുണ്ടെങ്കിലും ഇന്നും തിക്കുറിശ്ശി സുകുമാരൻനായരെ ഒന്നു നേരിൽ കാണാനുള്ള ആഗ്രഹം ബാക്കിനില്ക്കുന്നു.

വട്ടതല ഭരതൻ

Published by R. Krishnaswamy at Quilon and printed at The Pioneer Press Private Ltd., Sivakasi.


സിനിമയിലല്ല
മാള അരവിന്ദൻ,
പുന്നപ്ര അപ്പച്ചൻ, ജഗതി

Rega KL/QN/57
R. No. 22650/72
NANA FILM WEEKLY Price: Rs. 1-60

